I.ഇ.ബി. XIIകേരള നിയമസഭ/XI-20

**പന്ത്രണ്ടാം  കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 22, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

നിയമത്തിന്റെ പിൻബലമില്ലാത്ത എക്സിക്യൂട്ടീവ് ഉത്തരവ്

മി. സ്പീക്കർ : പഞ്ചായത്ത്-മുനിസിപ്പൽ നിയമം അനുസരിച്ച് എക്സിക്യൂട്ടീവ് ഉത്തരവ് വഴി പ്ലിന്ത് ഏരിയ പ്രകാരം കെട്ടിട നികുതി നിർണ്ണയിക്കുന്നതിനാൽ കെട്ടിട നികുതിയിൽ ഉണ്ടായിട്ടുള്ള വർദ്ധനവുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. കെ. എം. മാണി, കെ. സി. ജോസഫ്, സി. ടി. അഹമ്മദ് അലി, കെ. കെ. ഷാജു, കെ. ബി. ഗണേഷ് കുമാർ, പി. സി. ജോർജ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): 1995-ലെ ഒന്നാം ധനകാര്യ കമ്മീഷന്റെ

നിർദ്ദേശപ്രകാരം 1999-ൽ പഞ്ചായത്ത്-മുനിസിപ്പൽ നിയമങ്ങൾ ഭേദഗതി ചെയ്യുകയും പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ കെട്ടിട നികുതി നിർണ്ണയിക്കുന്ന നിയമം നിലവിൽവരുകയും പ്ലിന്ത് ഏരിയ അടിസ്ഥാനപ്പെടുത്തി നികുതി നിശ്ചയിക്കുമ്പോൾ ഉദ്യോഗസ്ഥർക്ക് അവരുടെ ഇഷ്ടംപോലെ ഏറ്റക്കുറച്ചിലുകൾ വരുത്താനുള്ള അവസരം നഷ്ടപ്പെടുകയും അതുവഴി അഴിമതി ഒഴിവാക്കാനും കാര്യങ്ങൾ സുതാര്യമാക്കാനും ജനങ്ങളുടെ വിഷമതകൾക്ക് പരിഹാരം കാണാനും സാധിച്ചിട്ടുണ്ട്. പല കാരണങ്ങളാലും ഈ രീതി നടപ്പാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. നഗരവികസന പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാരുമായി ഒപ്പിട്ട കരാർപ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി പരിഷ്ക്കരിക്കണമെന്ന വ്യവസ്ഥ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ബാധ്യസ്ഥമാണ്. പഞ്ചായത്ത് അസോസ്സിയേഷനുകൾ, മുനിസിപ്പൽ ചേമ്പർ, മേയേഴ്സ് കൗൺസിൽ എന്നിവരുമായി ചർച്ച നടത്തിയശേഷമാണ് നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. നിരക്കുകൾ പ്രയോഗത്തിൽ വരുത്തിയാൽ ഉണ്ടാകാവുന്ന പല ബുദ്ധിമുട്ടുകളും പഠിച്ച് പലതവണ പരിഷ്ക്കരിച്ചിട്ടുള്ളതുമാണ്. പഞ്ചായത്ത്, മുനിസിപ്പൽ നിയമങ്ങളിലും റൂൾസിലും ഇതിനാവശ്യമായ ഭേദഗതി വരുത്തണമെന്ന് സർക്കാരിന് ബോദ്ധ്യമുണ്ട്. കരട് നിയമവും ചട്ടങ്ങളും നിയമ വകുപ്പിന്റെ പരിശോധനയുടെ അന്തിമ ഘട്ടത്തിലാണ്. നിയമ നടപടികൾ പൂർത്തിയാക്കിയതിനുശേഷമേ നികുതി പിരിവ് നിർബന്ധമാക്കുക യുള്ളുവെന്നതിനാൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ. എം. മാണി:</u> 1994-വരെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വാർഷിക മൂല്യത്തിന്റെ നിശ്ചിതശതമാനം നികുതി ചുമത്തുന്ന രീതിയായിരുന്നു അനുവർത്തിച്ചിരുന്നത്. 1995-ലെ സ്റ്റേറ്റ് ധനകാര്യ കമ്മീഷന്റെ നിർദ്ദേശം അനുസരിച്ച് ഗവൺമെന്റ് 1999-ൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പിരിക്കാനുള്ള നിയമം പാസ്സാക്കിയെങ്കിലും ഇതുവരെ റൂൾസ് ഫ്രെയിം ചെയ്തിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ ആനുകൂല്യം ലഭ്യമാകണമെങ്കിൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി പിരിക്കുന്ന നിയമം സംസ്ഥാനത്ത് നടപ്പിലാക്കണം. കേരള പഞ്ചായത്തീരാജ് ആക്ടിന്റെ 203-ാം വകുപ്പിലും ഭരണഘടനയിലും റൂൾ ഉണ്ടാക്കിയതിനുശേഷം മാത്രമേ നികുതി പിരിക്കാവൂ എന്ന് വ്യക്തമായി പറഞ്ഞിരിക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഗാർഹിക-ഗാർഹികേതര ആവശ്യങ്ങൾക്കുള്ള കെട്ടിട നികുതി ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവിറക്കിയിരിക്കുന്നത് നിയമവിരുദ്ധമാണ്. ഒരു നിയമത്തിന്റെ പിൻബലമില്ലാതെ നികുതി പിരിക്കാൻ സാധിക്കുകയില്ല. പ്രത്യേക റൂൾസിന്റേയും പ്രൊസീഡുവറിന്റേയും അടിസ്ഥാനത്തിൽ നികുതി വസൂലാക്കുകയും കളക്ട് ചെയ്യുകയും വേണം. സ്റ്റാറ്റ്യൂട്ടറി ഓർഡറാണെങ്കിൽ അത് സഭയുടെ മേശപ്പുറത്ത് വച്ചാൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികൾ വരുത്താൻ സാധിക്കുമായിരുന്നു. എക്സിക്യൂട്ടീവ് ഓർഡർ ഇറക്കുകവഴി അംഗങ്ങളുടെ അധികാരത്തെ കവർന്നിരിക്കുകയാണ്. നിയമത്തിന്റെ പിൻബലമില്ലാതെ നികുതി വസൂലാക്കിയാൽ ആ തുക പഞ്ചായത്തുകൾക്ക് തിരിച്ചുകൊടുക്കേണ്ടി വരും. പുതിയ ഉത്തരവനുസരിച്ച് കെട്ടിട നികുതിയിൽ 30 ഇരട്ടിയോളം വർദ്ധനവുണ്ടാകുന്നുണ്ട്. റൂൾ ഇല്ലാതെ നികുതി പിരിക്കുന്നത്

ഭരണഘടനാ വിരുദ്ധമാണ്. ചട്ടങ്ങൾക്കും ഭരണഘടനയ്ക്കും വിരുദ്ധമായ എക്സിക്യൂട്ടീവ് ഉത്തരവ് പിൻവലിക്കണം. വളരെ പ്രധാനപ്പെട്ട വിഷയമായ തിനാൽ സഭ നിറുത്തി വച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പഴയ രീതിയിലുള്ള ടാക്സ് ഈടാക്കി വരുന്നതു മൂലം പല തദ്ദേശഭരണ സ്ഥാപനങ്ങളും സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ട സന്ദർഭത്തിലാണ് നികുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടിക ളുമായി മുന്നോട്ടുപോയത്. അതിനുവേണ്ടിയുള്ള ചട്ടങ്ങൾ തയ്യാറാക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. ടാക്സ് അസസ്സ്മെന്റ് നടക്കുന്നതേ യുള്ളൂ. ഒരു കാരണവശാലും 60 ശതമാനത്തിലധികം വർദ്ധനവ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കെട്ടിട നികുതിയിൽ വരാൻ പോകുന്നില്ല. സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): റൂൾസ് കൊണ്ടു വന്നതിനുശേഷം മാത്രമേ ടാക്സിന്റെ coercive നടപടികൾ ഉണ്ടാ കുകയുള്ളൂ.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ഉത്തരവ് ഇറക്കി, നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷമേ നികുതി പിരിക്കുകയുള്ളൂ. അസസ്മെന്റ് നടപടികളാണ് നടന്നുകൊണ്ടിരി ക്കുന്നത്. എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ടുപോകും.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : തദ്ദേശഭരണ സ്ഥാപനങ്ങൾ അസ്സസ്മെന്റ് നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കുന്ന നടപടിയിലേയ്ക്ക് പോകുന്നതിന് മുമ്പ് എക്സിക്യൂട്ടീവ് ഉത്തരവ് മരവിപ്പിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : തൽക്കാലം ഉത്തരവ് മരവിപ്പിച്ചുകൊണ്ട് പുന:പരിശോധന നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധക്ഷണിക്കൽ**

(1) പരീക്ഷാ നടത്തിപ്പിലെ അപാകതകൾ

ശ്രീ. എം. മുരളി: വരുന്ന വർഷം മുതൽ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശനത്തിന് പ്ളസ് ടൂ പരീക്ഷയുടെ മാർക്കുംകൂടി മാനദണ്ഡമാക്കാൻ പോകുന്നതുവഴി ഹയർ സെക്കണ്ടറി തലത്തിലെ പരീക്ഷയ്ക്ക് പ്രാധാന്യമേറുകയാണ്. ഹയർ സെക്കന്ററി തലത്തിലെ പരീക്ഷാ ജോലികൾ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ ഒരു ജോയിന്റ് ഡയറക്ടറും 60 സ്റ്റാഫും ചേർന്നാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. വാർഷിക പരീക്ഷകളോടൊപ്പം ഇംപ്രൂവ്മെന്റ്, സേവ് വൺ ഇയർ, ഓൾഡ് സ്കീം എന്നീ പരീക്ഷകളുമായി ബന്ധപ്പെട്ട റീകൗണ്ടിംഗ് ഉൾപ്പെടെയുള്ള ജോലികൾ കുറ്റമറ്റ നിലയിൽ നടത്തുന്നതിന് ഒരു പ്രത്യേക എക്സാം ഹബ്ബ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ഹയർ സെക്കണ്ടറി പരീക്ഷകളുടെ പ്രാധാന്യം പരിഗണിച്ച് പ്ളസ് വൺ, പ്ളസ് ടു പരീക്ഷകളുടെ എല്ലാ പേപ്പറുകൾക്കും ബെറ്റർമെന്റ്/ഇംപ്രൂവ്മെന്റ് പരീക്ഷകൾ എഴുതാൻ

അവസരം നൽകാനും ഇംപ്രൂവ്മെന്റ്, റീവാല്യുവേഷൻ, 'സേവ് എ ഇയർ' എന്നിവകളുടെ ഫീസ് കുറയ്ക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനത്തിന് പ്ലസ് ടു പരീക്ഷയുടെ മാർക്കുകൂടി കണക്കിലെടുക്കണമെന്നുള്ള നിർദ്ദേശം വന്നതിനാൽ പ്രസ്തുത പരീക്ഷകൾ കൂടുതൽ ഗൗരവത്തോടുകൂടി നടത്തേണ്ടതുണ്ട്. പ്രവേശന പരീക്ഷകൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച പ്രൊഫ. ആർ.വി.ജി. മേനോൻ കമ്മിറ്റി കുറേ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി പരീക്ഷകളുടെ നടത്തിപ്പ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി ചോദ്യപേപ്പർ വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങളടക്കമുള്ളവയിൽ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചും എല്ലാ പേപ്പറുകളും രണ്ടുതവണ മൂല്യനിർണ്ണയത്തിന് വിധേയമാക്കിക്കൊണ്ട് പുനർനിർണ്ണയം ഒഴിവാക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. വളരെ സൂക്ഷ്മമായ വിശകലനമാണ് പ്ലസ് വൺ, പ്ലസ് ടു പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. പ്ലസ് ടൂ വിദ്യാഭ്യാസത്തിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെക്കുറിച്ചുള്ള സി.പി. നായർ കമ്മിറ്റിയുടെ ശുപാർശ നടപ്പാക്കുന്ന ഘട്ടത്തിൽ ഒരു പ്രത്യേക എക്സാം ഹബ്ബ് കൊണ്ടുവരുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്. പ്ലസ് വണ്ണിന് മൂന്ന് വിഷയങ്ങൾക്കും പ്ലസ് ടുവിന് ഒരു വിഷയത്തിനും ഇംപ്രൂവ് ചെയ്യാനുള്ള അവസരം നൽകിയിട്ടുണ്ട്. 2004-ൽ നിശ്ചയിച്ച ഇംപ്രൂവ്മെന്റിനുള്ള ഫീസ് വർദ്ധിപ്പിക്കേണ്ട സാഹചര്യമാണെങ്കിലും

പരോക്ഷമായി കുറച്ചിട്ടുണ്ട്. എല്ലാ വിഷയങ്ങളും ഇംപ്രൂവ് ചെയ്യാൻ അവസരം നൽകിയാൽ പരീക്ഷ കേന്ദ്രങ്ങളാകുന്ന പ്രൈമറി, അപ്പർ പ്രൈമറി, ഹയർ സെക്കണ്ടറി ഉൾപ്പെടെയുള്ള സ്കൂളുകൾക്ക് പത്ത് ദിവസമെങ്കിലും അവധി നൽകേണ്ടിവരും. ഇത് അപ്രായോഗികമാണ്.

(2) സംസ്ഥാനത്തെ നെൽവയലുകൾ

ശ്രീ. ബി. രാഘവൻ: 2008-ലെ കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമത്തെ മറികടന്ന് ഭൂ മാഫിയകളും റിയൽ എസ്റ്റേറ്റുകാരും നെൽവയലുകൾ കയ്യേറുന്ന സ്ഥിതി നിലവിലുണ്ട്. ഇതിനെതിരെ റവന്യൂ ഉദ്യോഗസ്ഥർ, പഞ്ചായത്ത് ബോർഡ് സെക്രട്ടറിമാർ, പോലീസ് എന്നിവർക്ക് പ്രോസിക്യൂഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കാൻ പ്രസ്തുത നിയമത്തിൽ വ്യവസ്ഥയുണ്ട് ഭൂ വിസ്തൃതി വർദ്ധിപ്പിക്കാനും ഗ്രാമീണമേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് തൊഴിലവസരം വർദ്ധിപ്പിക്കാനും ഭക്ഷ്യ ധാന്യം, കുടിവെള്ളം, പരിസ്ഥിതി തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കഴിയുന്ന ഈ നിയമം പരിപാലിക്കപ്പെടുകയും ഇനിയുള്ള നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ കർശനമായ നടപടി സ്വീകരിക്കുകയും നിയമവിരുദ്ധ ശക്തികളെ അമർച്ച ചെയ്യുകയും നിയമം നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ഫലപ്രദമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വന്നതോടെ സംസ്ഥാനത്ത് അവശേഷിക്കുന്ന രണ്ടു ലക്ഷത്തിൽപ്പരം ഹെക്ടർ നെൽപ്പാടങ്ങൾ സംരക്ഷിക്കാനും മറ്റു കാര്യങ്ങൾക്കായി പരിവർത്തനപ്പെടുത്തുന്നത് തടയാനും കഴിഞ്ഞിട്ടുണ്ട്. കർശനമായ ശിക്ഷാവ്യവസ്ഥകൾ

നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ നെൽവയലുകൾ വ്യാപകമായി നികത്തുന്നത് തടയാനും നെൽപ്പാടങ്ങളിൽ കൃഷിയിറക്കാനും പരമാവധി ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാനും കർഷകത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകാനും ഗ്രാമീണമേഖലയിൽ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. നിയമം നിലവിൽ വന്നശേഷം നികത്തിയ നെൽപ്പാടങ്ങളെ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിതിനെത്തുടർന്ന് പാലക്കാട് ജില്ലയിൽ 82 കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്ത്-മുനിസിപ്പൽ തലങ്ങളിൽ പ്രാദേശിക അനുബന്ധ സമിതികളും ജില്ലാതല അധികൃത സമിതികളും രൂപീകരിക്കുന്നതിനും ഓരോ പഞ്ചായത്തിലുമുള്ള നെൽവയലുകൾ സംബന്ധിച്ച് ഡാറ്റാ ബാങ്കുകൾ തയ്യാറാക്കാനും ആവശ്യമായ ചട്ടങ്ങൾ പുറപ്പെടുവിച്ചുകഴിഞ്ഞു. കൃഷി വകുപ്പുഡയറക്ടർ ചെയർപേഴ്സണായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ കൊല്ലം, തൃശൂർ ജില്ലകളിൽ ഡാറ്റാ ബാങ്ക് പൈലറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കുകയും മറ്റു ജില്ലകളിൽ ക്രമേണ പ്രാവർത്തികമാക്കുകയും ചെയ്യുന്നതാണ്. ഡാറ്റാ ബാങ്ക് രൂപീകരണത്തിൽ കൃഷി,. റവന്യൂ, പഞ്ചായത്ത് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലകളുടെ റിസോഴ്സ് മാപ്പ് അടിസ്ഥാനമാക്കിയാണ് ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നത്. വരുന്ന ഒരു മാസത്തിനുള്ളിൽ എല്ലാ ജില്ലകളിലും ഈ നിയമം പൂർണ്ണമായി നടപ്പാക്കാൻ കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. 14,000 ഹെക്ടർ വയലുകളിൽ കൃഷിയിറക്കാനും 70,000 ടൺ നെൽ

അധികമായി ഉൽപ്പാദിപ്പിക്കാനും അതിനനുസൃതമായ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

**സബ്മിഷൻ**

(1) ബയോടെക്നോളജി പാർക്ക്

ശ്രീ. ജി. കാർത്തികേയൻ: രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി പാർക്കിനായി തിരുവനന്തപുരം ജില്ലയിലെ ഉഴമലയ്ക്കൽ പഞ്ചായത്തിൽ കേന്ദ്രസർക്കാർ കണ്ടെത്തിയ 84 ഏക്കർ സ്ഥലം റിസർവ് വനഭൂമിയായതിനാൽ പകരം റവന്യൂ ഭൂമി നൽകാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഭാഗമായ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയെ മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവണ്മെന്റിന് കൈമാറാനുള്ള തീരുമാനമെടുത്തതിന്റെ ഭാഗമായി ധാരണാ പത്രം ഒപ്പിടുക, ആസ്തി ബാധ്യതകൾ കൈമാറുക തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരുമായി ഏർപ്പെടുന്ന ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാൻ കഴിയുകയുള്ളൂ. സംസ്ഥാന ഗവണ്മെന്റിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിൽ ഉഴമലയ്ക്കൽ പഞ്ചായത്തിലെ 84 ഏക്കർ സ്ഥലം ബയോടെക്നോളജി പാർക്കിന് ലഭ്യമാക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിച്ചാൽ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(2) ആംഗ്ലോ ഇൻഡ്യൻ, പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ഇൻഡ്യൻ ഭരണഘടനയുടെ അനുഛേദം 331, 334(ബി) എന്നിവ പ്രകാരം ആംഗ്ലോ ഇൻഡ്യൻ സമുദായ

ത്തിനും പട്ടികജാതി പട്ടിക ഗോത്രവർഗ്ഗക്കാർക്കും ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും കിട്ടിക്കൊണ്ടിരുന്ന പ്രാതിനിധ്യം നഷ്ടപ്പെടാതിരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താനും കേരളത്തിൽ നിന്ന് ഒരംഗത്തിനെ പാർലമെന്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇൻഡ്യൻ ഭരണഘടനയുടെ അനുഛേദം 331 പ്രകാരം ലോക്സഭയിലും അനുഛേദം 333 പ്രകാരം സംസ്ഥാന നിയമസഭകളിലും ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന് പ്രാതിനിധ്യം ലഭിച്ചില്ലെങ്കിൽ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരമുണ്ട്. എന്നാൽ ഭരണഘടനയുടെ അനുഛേദം 334 അനുശാസിക്കുന്നതു പ്രകാരം ലോക്സഭയിലും സംസ്ഥാന നിയമസഭകളിലുമുള്ള സംവരണവും പ്രത്യേക പ്രാതിനിധ്യവും ഭരണഘടന നിലവിൽ വന്ന് 60 വർഷങ്ങൾക്കുശേഷവും ഇല്ലാതാകുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുത്ത് നടപ്പിലാക്കാനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാവുന്നതാണ്.

(3) കോളേജ്മാറ്റം

ശ്രീ. ഉമ്മൻചാണ്ടി: വട്ടപ്പാറ പി.എം.എസ്. ദന്തൽ കോളേജിലെ നാലാം വർഷ ബി.ഡി.എസ്. വിദ്യാർത്ഥിനിയായ അർച്ചനാ സഞ്ജിത്തിനെ ദന്തൽ കൗൺസിലിന്റെ അനുമതിക്ക് വിധേയമായി തിരുവനന്തപുരം ഗവണ്മെന്റ് ദന്തൽ കോളേജിൽ ഒഴിവുള്ള നാലാം വർഷ സീറ്റിലേയ്ക്ക് പ്രവേശനം അനുവദിച്ചുകൊണ്ട് ഗവണ്മെന്റ് ഇറക്കിയ ഉത്തരവ് നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഗവണ്മെന്റ് ഉത്തരവ് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്.

(4) ദേവസ്വം ബോർഡിന്റെ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട

ശ്രീ. പി. ജയരാജൻ: ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനത്തിന് കൃത്യമായ മാനദണ്ഡം സ്വീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരളത്തിൽ ദേവസ്വം ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 688 സീറ്റുകളാണ് മാനേജ്മെന്റ് ക്വാട്ടയിൽ മാറ്റിവച്ചിട്ടുള്ളത്. കൊച്ചി ദേവസ്വം ബോർഡ് യാതൊരു പ്രതിഫലവും വാങ്ങാതെ മെറിറ്റ് അടിസ്ഥാനത്തിലാണ് മാനേജ്മെന്റ് ക്വാട്ട ഫിൽ ചെയ്യുന്നത്. ഗുരുവായൂർ ദേവസ്വം ബോർഡ് ഡെവലപ്മെന്റ് ഫീ ഇനത്തിൽ ഈ വർഷം 4.35 ലക്ഷം രൂപ വാങ്ങുമെന്ന് അറിയിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് യാതൊരു മാനദണ്ഡവും സ്വീകരിക്കാതെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങിക്കൊണ്ടാണ് മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നടത്തുന്നത്. മാനേജ്മെന്റ് ക്വാട്ടയിലെ പ്രവേശനം സംബന്ധിച്ച് പൊതു മാനദണ്ഡം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. ദേവസ്വം ബോർഡിനു കീഴിലുള്ള സ്ഥാപനങ്ങളിൽ അധ്യാപകരുടെ നിയമനം പി.എസ്.സി.ക്ക് വിടണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(5) പരിയാരം മെഡിക്കൽ കോളേജിലെ മാനേജ്മെന്റ് ക്വാട്ട

ശ്രീ. കെ.സി. ജോസഫ്: പരിയാരം മെഡിക്കൽ കോളേജിലെ മാനേജ്മെന്റ് ക്വാട്ടയിലെ പ്രവേശനം മുൻവർഷത്തെപ്പോലെ കമ്മിഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷന് നൽകുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പരിയാരം മെഡിക്കൽ കോളേജിൽ കമ്മിഷണർ ഓഫ് എൻട്രൻസ് എക്സാമിനേഷൻ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിൽപ്പെട്ട കുട്ടികൾ അപേക്ഷിക്കുകയും അതിൽനിന്ന് മെറിറ്റ് അടിസ്ഥാനത്തിൽ മാനേജ്മെന്റ് പ്രവേശനം നടത്തുകയുമാണ് ചെയ്യുന്നത്. പരാതികൾക്കിടയില്ലാത്തവിധത്തിൽ സുതാര്യമായ രീതിയിലാണ് പ്രവേശനം നടക്കുന്നത്.

(6) സപ്പോർട്ട് ഡാം നിർമ്മാണം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : കുറ്റ്യാടി പദ്ധതിയുടെ ഭാഗമായി റിസർവോയറിൽ എത്തുന്ന അധികജലം സംരക്ഷിച്ചുനിറുത്തുന്നതിന് ഒരു സപ്പോർട്ട് ഡാം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : നിലവിലുള്ള ഡാം ബലപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്ന സാഹചര്യത്തിൽ സപ്പോർട്ട് ഡാം നിർമ്മിക്കേണ്ട ആവശ്യമില്ല.

(7) കലാകാരൻമാർക്ക് ക്ഷേമപദ്ധതി

ശ്രീ. വി.ഡി. സതീശൻ: പെൻഷൻ തുക വർദ്ധിപ്പിച്ച് യഥാസമയം നൽകൽ; പെൻഷൻ കൊടുക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തൽ; ആശ്രിതർക്ക് പെൻഷൻ നൽകൽ, ചികിത്സാ സഹായവും ഗ്രൂപ്പ് ഇൻഷുറൻസും ഏർപ്പെടുത്തൽ എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി കലാകാരൻമാർക്ക്

സമഗ്രമായ ക്ഷേമപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): രണ്ടായിരത്തോളം കലാകാരന്മാർക്ക് ലഭിക്കത്തക്കരീതിയിൽ ഇപ്പോൾ പെൻഷൻ സ്കീം വിപുലീകരിച്ചിട്ടുണ്ട്. രണ്ട്മാസത്തിനുള്ളിൽ ഈ വിഭാഗത്തിന് സമഗ്രമായ ഒരു ക്ഷേമപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(8) ജലസേചന വകുപ്പിലെ താൽക്കാലിക ജീവനക്കാർ

ശ്രീ. എ.എ. അസീസ്: ജലസേചന വകുപ്പിലെ സി.എൽ.ആർ., എച്ച്.ആർ.എൽ., എസ്.എൽ.ആർ. വിഭാഗങ്ങൾക്ക് ഏകീകൃത ശമ്പള നിർണ്ണയം നടത്തി സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): ജലസേചന വകുപ്പിലെ സി.എൽ.ആർ., എച്ച്.ആർ.എൽ., എസ്.എൽ.ആർ. വിഭാഗങ്ങളെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് അന്തിമ സീനിയോറിറ്റി ലിസ്റ്റ് സർക്കാരിന് ലഭിക്കുകയും സപ്ളിമെന്ററി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഭാഗം ജീവനക്കാർക്ക് ഏകീകൃത വേതനം ലഭിക്കുന്നതുസംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കുന്നതാണ്. ഈ മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(9) സ്കൂളുകൾക്ക് എൻ.ഒ.സി.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: അഖിലേന്ത്യാ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നല്ല നിലവാരത്തിൽ പ്രവർത്തിക്കുന്ന

അർഹതപ്പെട്ട സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. വിദ്യാലയങ്ങൾക്ക് എൻ.ഒ.സി. കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഓരോ സംസ്ഥാനത്തിന്റേയും പ്രത്യേകതകൂടി കണക്കിലെടുത്തു വേണം സംസ്ഥാന പാഠ്യ പദ്ധതി ആവിഷ്ക്കരിക്കേണ്ടതെന്നാണ് യശ്പാൽ കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളുടെ എണ്ണം കേരളത്തിൽ വളരെ കൂടുതലാണ്. അംഗീകാരമില്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകളുടെ കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(10) ബാലരാമപുരം പ്രാഥമികാരോഗ്യകേന്ദ്രം

ശ്രീ. എൻ. ശക്തൻ: തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിൽസ പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കിടത്തി ചികിത്സ ആരംഭിച്ച ബാലരാമപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മൂന്നു ഡോക്ടർമാരും എൻ.ആർ.എച്ച്.എം.ന്റെ ഡോക്ടർമാരും ഉണ്ടായിരുന്നു. ഒരു ഡോക്ടർ പ്രസവാവധിയിൽ പോയതിനെത്തുടർന്ന് കിടത്തിചികിത്സ നിന്നുപോയത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(11) തെങ്ങുകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. അച്ചുതൻ : തെങ്ങുകൾക്കുണ്ടാകുന്ന കാറ്റുവീഴ്ചമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ചിറ്റൂർ നിയോജകമണ്ഡലത്തിലെ പെരുമാട്ടി, കൊഴിഞ്ഞാമ്പാറ പ്രദേശങ്ങളിലെ തെങ്ങുകൃഷിക്കാരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുകയും തെങ്ങ് വെട്ടിമുറിക്കലാണ് പ്രതിവിധിയെങ്കിൽ അതിന് നഷ്ടപരിഹാരം കൊടുക്കുകയും ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പാലക്കാട് ജില്ല യിലെ ചിറ്റൂർ ബ്ലോക്കിൽപ്പെട്ട പെരുമാട്ടി, കൊഴിഞ്ഞാമ്പാറ പ്രദേശങ്ങളിലെ തെങ്ങുകൾക്ക് കാറ്റ് വീഴ്ച രോഗലക്ഷണങ്ങൾ ഉള്ളതായി സംശയിക്കു ന്നുണ്ട്. പ്രസ്തുത പ്രദേശങ്ങൾ കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധർ സന്ദർശിക്കുകയും സമീകൃത വളപ്രയോഗത്തിലൂടെയും സസ്യസംരക്ഷണ പ്രവർത്തനങ്ങളിലൂടെയും രോഗബാധയേറ്റ തെങ്ങുകളുടെ ഉൽപ്പാദനക്ഷമത നിലനിറുത്തുന്നതിനാവശ്യമായ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൃഷിഭവനിലൂടെയും രോഗം ബാധിച്ച തെങ്ങുകളുടെ പരിചരണ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാല യിലേയും കൃഷി വകുപ്പിലേയും വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു റാപ്പിഡ് ആക്ഷൻ ഫോഴ്സ് രൂപീകരിച്ച് പരിശോധന നടത്തി രോഗം ഗുരുതരമാണെന്ന് കാണുന്നപക്ഷം ഇന്റഗ്രേറ്റഡ് പെസ്റ്റ് മാനേജുമെന്റ് സ്കീമിൽപ്പെടുത്തി ഉചിതമായ സഹായം നൽകുന്നതാണ്.

(12) എയ്ഡഡ് സ്കൂളുകളുടെ കൈമാറ്റം

ശ്രീ. കെ.വി.അബ്ദുൾ ഖാദർ: എയ്ഡഡ് സ്കൂളുകളും പ്രൊഫഷണൽ കോളേജുകളും വിലയ്ക്ക് വാങ്ങുകയും അധ്യാപക

നിയമനം വാഗ്ദാനം ചെയ്ത് കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തുകയും ചെയ്തവർക്കെതിരെ വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): തിരുവളയന്നൂർ ഹൈസ്ക്കൂൾ വിലയ്ക്കുവാങ്ങിയ ശ്രീ. ബാലൻ നടത്തിയ അഴിമതി സംബന്ധിച്ച് പരിശോധന നടത്താനും കർശനമായ നടപടി കൈക്കൊള്ളാനും ഡിപ്പാർട്ടുമെന്റലായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(13) കെ.എസ്.ഇ.ബി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. എൻ. രാജൻ: കേരള സംസ്ഥാന വൈദ്യുതി ബോർഡ് 25-9-2009 മുതൽ കമ്പനിയാക്കുന്നതിനാൽ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ തുടർന്നും ലഭിക്കണമെങ്കിൽ ഇലക്ട്രിസിറ്റി ആക്ടിലെ 131-ാം വകുപ്പനുസരിച്ച് ട്രാൻസ്ഫർ സ്കീമിൽ അതിനെക്കുറിച്ച് വ്യക്തമായി വ്യവസ്ഥ ചെയ്യണം. കേന്ദ്ര നിയമത്തിന് വിരുദ്ധമാകാത്ത രീതിയിൽ ഒരു നിയമനിർമ്മാണത്തിലൂടെ കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ കമ്പനിയാക്കാൻ നടപടി സ്വീകരിക്കണം.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ തുടർന്നും നിലനിറുത്തുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഇലക്ട്രിസിറ്റി ആക്ടിലെ 131-ാം വകുപ്പനുസരിച്ച് കമ്പനികളിലേയ്ക്ക് പുനർനിക്ഷേപിക്കുന്നതിന് പുറപ്പെടുവിക്കുന്ന ട്രാൻസ്ഫർ സ്കീമിൽ ഉൾപ്പെടുത്തുകയും പെൻഷൻ ആനുകൂല്യങ്ങൾ തുടർന്നും മാറ്റമില്ലാതെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ജീവനക്കാരുടെ സംഘടനകളുമായും മറ്റ് ബന്ധപ്പെട്ട വിഭാഗങ്ങളുമായി ചർച്ച നടത്തി ഇതിന് അന്തിമരൂപം

നൽകുന്നതാണ്. ട്രാൻസ്ഫർ സ്കീമിലെ വ്യവസ്ഥകൾ ഒരു വർഷത്തേയ്ക്ക് താൽക്കാലികമാക്കിയത് ട്രാൻസ്ഫർ സ്കീമിൽ വരാനിടയുള്ള അപാകതകൾ പരിഹരിക്കുന്നതിനും കണക്കുകൾക്ക് അന്തിമരൂപം നൽകുന്ന തിനുമാണ്. ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാ നങ്ങളിലെ വൈദ്യുതി ബോർഡുകൾ പുന:സംഘടിപ്പിക്കുന്നതിന് അതാത് സംസ്ഥാനങ്ങൾ നിയമനിർമ്മാണം നടത്തിയത് 2003-ലെ ഇലക്ട്രിസിറ്റി ആക്ട് നടപ്പിൽവരുന്നതിനുമുമ്പായിരുന്നു. ഇതിനുശേഷം ഒരു സംസ്ഥാനവും വൈദ്യുതി ബോർഡുകളിലെ പുന:സംഘടനയ്ക്കായി പ്രത്യേകമായ നിയമനിർമ്മാണം നടത്തിയിട്ടില്ല. ബി.എസ്.എൻ.എൽ. പുന:സംഘടന ടെലികോം വകുപ്പ് ആവശ്യമായ ഉത്തരവിലൂടെ നടപ്പിലാ ക്കുകയാണ് ചെയ്തിട്ടുള്ളത്. കേന്ദ്ര നിയമത്തിന് അനുകൂലമായോ പ്രതികൂലമായോ സംസ്ഥാന നിയമം ഉണ്ടാക്കണമെങ്കിൽ പ്രസിഡന്റിന്റെ അനുമതി ആവശ്യമാണ്. ഇത് കാലതാമസം വരുത്തുമെന്നതിനാലും വൈദ്യുതി മേഖലയിൽ സ്തംഭനാവസ്ഥ സൃഷ്ടിക്കുമെന്നതിനാലും ഒരു നിയമം ഉണ്ടാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നില്ല.

(14) <u>കുടിയൊഴിപ്പിക്കൽ ഭീഷണി</u>

<u>ശ്രീ. രാജാജി മാത്യു തോമസ്:</u> ഭൂപരിഷ്ക്കരണ നിയമപ്രകാരം ഒരിക്കൽ കുടികിടപ്പവകാശം ലഭിച്ചവരിൽനിന്ന് ഭൂമി തിരിച്ചുപിടിക്കാനുള്ള ശ്രമം തടയാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> പീച്ചി വില്ലേജിൽ 1977 -നുമുമ്പുതന്നെ പലർക്കായി പാട്ടത്തിന് നൽകിയിരുന്ന കുടിയൊഴിപ്പിക്കൽ ഭീഷണിയുള്ളതായി അറിയപ്പെടുന്ന ഭൂമി ഷേക്ക് മൊയ്തീൻഷാ റാവുത്ത രുടെ പേരിലുള്ളതും പലരും ജന്മാവകാശം പതിച്ച് വാങ്ങിയിട്ടുള്ളതുമാണ്.

പട്ടയം ലഭിച്ചവരെ ഒഴിവാക്കുന്നതിന് റാവുത്തരുടെ അനന്തരാവകാശികൾ തൃശ്ശൂർ സബ്കോടതിയിലും ജില്ലാ കോടതിയിലും അപ്പീൽ നൽകുകയുണ്ടായി. പ്രസ്തുത വിധി ജന്മിക്ക് അനുകൂലമായതിനാൽ കുടിയിറക്ക് ഭീഷണി നേരിടുന്ന 22 കുടുംബങ്ങളുടെ പരാതിപ്രകാരം റാവുത്തർ പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരുന്നത് സംബന്ധിച്ച് അന്വേഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(15) <u>ആലപ്പുഴ മെഡിക്കൽ കോളേജ് മാറ്റി സ്ഥാപിക്കൽ</u>

<u>ശ്രീ. കെ. കെ. ഷാജു</u>: ആലപ്പുഴ മെഡിക്കൽ കോളേജിലെ ഗൈനക്കോളജി, സർജിക്കൽ യൂണിറ്റുകൾ മതിയായ സൗകര്യമൊരുക്കാതെ വണ്ടാനത്തേയ്ക്ക് മാറ്റുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണം. അവിടെയുള്ള മൈക്രോബയോളജി യൂണിറ്റ് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)</u>: ആലപ്പുഴ മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് വിഭാഗം ഈ സർക്കാർ വന്നതിനുശേഷം വണ്ടാനത്തേയ്ക്ക് മാറ്റിയതാണ്. ഒരുവർഷത്തിലേറെയായി ഗൈനക്കോളജി-സർജിക്കൽ വിഭാഗം വണ്ടാനത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. 12 തീയേറ്ററുകൾ പ്രവർത്തനക്ഷമമാക്കിവരികയാണ്. ഒക്ടോബർ മാസത്തോടുകൂടി മെഡിക്കൽ കോളേജിന്റെ എല്ലാ വിഭാഗവും മാറ്റി സ്ഥാപിക്കാനാകും. മൈക്രോബയോളജി വകുപ്പിൽ സ്റ്റാഫിന്റെ ഷോർട്ടേജുണ്ട്. ഇത് കൂടുതൽ ശക്തമാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്

.

(16) സഹകരണക്ലിനിക്കൽ ലാബുകൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 1995-നുശേഷം അപേക്ഷ ക്ഷണിച്ചിട്ടില്ലാത്ത സംസ്ഥാനത്തെ ലാബ് ടെക്നീഷ്യൻമാരുടെ ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിനും പിൻവാതിൽ നിയമനം തടയുന്നതിനും നടപടി സ്വീകരിക്കണം. സഹകരണ മേഖലയിൽ ക്ലിനിക്കൽ ലാബുകൾ ഔട്ട് സോഴ്സ് ചെയ്തുകൊണ്ട് ആരംഭിക്കാനുള്ള സർക്കാരിന്റെ നടപടിയിലൂടെ ലാബ് ടെക്നീഷ്യന്മാർക്കുള്ള അവസരം നഷ്ടപ്പെടാതെ അവർക്ക് നിയമാനു സൃതമായി ജോലി ലഭ്യമാക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കോ-ഓപ്പറേറ്റീവ് ക്ലിനിക്കുകൾ തുറക്കുന്നതിന് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം ആവശ്യമാണ്. ഗവൺമെന്റ് ആശുപത്രിയിൽ ക്ലിനിക്കുകൾ ഇല്ലാത്തിടത്ത് ആരോഗ്യവകുപ്പ് സ്ഥലം സൗജന്യമായി അനുവദിച്ചാൽ കോ-ഓപ്പറേറ്റീവ് ക്ലിനിക്കുകൾ തുടങ്ങാനാണ് തീരുമാനിച്ചിരുന്നത്. പാവപ്പെട്ടവർക്ക് സൗജന്യ സേവനം നൽകാനും സ്വകാര്യ ലബോറട്ടറികളുടെ ചൂഷണം അവസാനിപ്പിക്കാനും വേണ്ടി യാണിത്. കോഴിക്കോട് മെഡിക്കൽ ഡയഗ്നോസ്റ്റിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽ ഒരെണ്ണം ആരംഭിച്ചിട്ടുണ്ട്. കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് രണ്ട് ക്ലിനിക്കൽ ലബോറട്ടറികൾ നടത്തുന്നു. സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് ടെസ്റ്റ് നടത്തി മാത്രമേ ടെക്നീഷ്യന്മാ രുടെ സ്ഥിരനിയമനം നടത്താറുള്ളൂ.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സർക്കാർ ആശുപത്രികളിലെ ലാബ് ടെക്നീഷ്യന്റെ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തും. ധാരാളം രോഗികൾ വരുന്ന

ആശുപത്രികളിൽ രണ്ട് ലാബ് ടെക്നീഷ്യന്റെ സേവനം മതിയാകാത്തതു കൊണ്ടും സ്വകാര്യ ലാബുകളുടെ ചൂഷണം അവസാനിപ്പിക്കാനുമാണ് സഹകരണ വകുപ്പ് തന്നെ കെട്ടിടമെടുത്ത് ബി.പി.എൽ. ഫാമിലിയിൽപ്പെട്ട വർക്ക് സൗജന്യമായും മറ്റ് വിഭാഗക്കാർക്ക് കൺസഷണൽ നിരക്കിലും ലാബ് സൗകര്യം ലഭ്യമാക്കാമെന്ന ഒരു പ്രൊപ്പോസൽ വച്ചിട്ടുള്ളത്.

(17) പത്മതീർത്ഥക്കുളം

ശ്രീ. വി. സുരേന്ദ്രൻപിള്ള: കോട്ടയ്ക്കകത്തെ പത്മതീർത്ഥക്കുളം മാലിന്യവിമുക്തമാക്കി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പത്മതീർത്ഥക്കുളത്തിലെ അധിക ജലവും കുളം ശുദ്ധീകരിക്കുമ്പോൾ ഉണ്ടാകുന്ന മലിന ജലവും മുമ്പ് പാത്രക്കടവ് കുളത്തിലേയ്ക്ക് ഒഴുക്കി വിടുകയും അവിടെ നിന്ന് തെക്കേക്കര കനാലിൽ എത്തിച്ചേരുകയുമായിരുന്നു ചെയ്തിരുന്നത്. എന്നാൽ പാത്രക്കടവ് നികത്തി അവിടെ തീർത്ഥപാദ മണ്ഡപം പണിതതിനാൽ കുളത്തിൽനിന്നും പുറത്തേയ്ക്കുള്ള നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. സമീപത്തുള്ള റോഡുകൾ ഉയരം കൂട്ടുന്നതിന്റെ ഫലമായി മാലിന്യവും കുളത്തിലേയ്ക്കാണ് ഒഴുകിയെത്തുന്നത്. ഈ കുളം ശ്രീപത്മനാഭസ്വാമി ക്ഷേത്ര ട്രസ്റ്റിന്റെ കീഴിലായതിനാൽ ട്രസ്റ്റിന്റെ സമ്മതത്തോടുകൂടി മാത്രമേ നവീകരണ-ശുദ്ധീകരണ പണികൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. കൊച്ചാർ റോഡിന്റെ ചില ഭാഗങ്ങൾ റെയിൽവേയും മറ്റ് ചില വകുപ്പുകളും ചേർന്ന് മുറിച്ചു നീക്കിയത് പുന:സ്ഥാപിക്കുകയും അടഞ്ഞ ജലനിർഗ്ഗമനപാത തെക്കേക്കര കനാൽ വരെ നീട്ടുകയും ചെയ്താൽ മാത്രമേ കുളത്തിലെ മലിനീകരണ പ്രശ്നത്തിന്

ശാശ്വത പരിഹാരം കാണാൻ കഴിയൂ. 150 മീറ്റർ നീളവും 80 മീറ്റർ വീതിയുമുള്ള ഈ കുളം പൂർണ്ണമായും ചെളിനീക്കി വൃത്തിയാക്കി സംരക്ഷിക്കുന്നതിന് ഏതാണ്ട് 90 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഇക്കാര്യം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(18) ഓയിൽ ഡിപ്പോകൾ

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: കണ്ണൂർ നഗരത്തിൽ വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഓയിൽ ഡിപ്പോ അവിടെത്തന്നെ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ കണ്ണൂരിലുള്ള ഡിപ്പോ 3156 ച.മീ. സ്ഥലത്താണ് പ്രവർത്തിക്കുന്നത്. സ്ഥലപരിമിതിമൂലം ദൂരം സംബന്ധിച്ച് എണ്ണ വ്യവസായ സുരക്ഷാ ഡയറക്ടറേറ്റ് നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുവാൻ ബുദ്ധിമുട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ടാങ്കറുകളും ട്രക്കറുകളും പെട്ടെന്ന് ഒഴിവാക്കുവാൻ കഴിയുകയില്ല. ഡിപ്പോയ്ക്ക് സമീപം പുതിയ ബസ്സ്റ്റാന്റ് പ്രവർത്തനം ആരംഭിച്ചതിനാലാണ് ട്രക്കുകൾ പ്രധാന റോഡിലും ഇടുങ്ങിയ അപ്രോച്ച് റോഡുകളിലുമൊക്കെ പാർക്ക് ചെയ്യുന്നത് സുരക്ഷാ ഭീഷണിയുണ്ടാക്കുന്നതിനാൽ ട്രാഫിക് അധികാരികൾ തടസ്സപ്പെടുത്താറുണ്ട്. ഓയിൽ ഡിപ്പോ കണ്ണൂർ റെയിൽവേ സ്റ്റേഷന് സമീപം സ്ഥിതി ചെയ്യുന്നതിനാലും റെയിൽവേ ലൈനുകളും ഷണ്ടിംഗ് പാർക്കുകളും ഇതിനോട് ചേർന്ന് പ്രവർത്തിക്കുന്നതിനാലും ഉദ്യോഗസ്ഥർക്ക് പലപ്പോഴും പ്രധാന റെയിൽവേ ലൈൻ മുറിച്ചു

കടക്കേണ്ടി വരും. 2008-ജൂലൈ മാസം കൊച്ചിയിലെ എക്സ്പ്ലോസീവ് ചീഫ് കൺട്രോളർ കണ്ണൂരിലെ ഡിപ്പോ പരിശോധിക്കുകയും അതിന്റെ പ്രവർത്തനം സുരക്ഷിതമല്ലെന്ന് പ്രഖ്യാപിക്കുകയും ഓയിൽ ഡിപ്പോ മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് മാറ്റിസ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഡിപ്പോ കണ്ണൂരിൽനിന്ന് സുരക്ഷിതമായിട്ടുള്ള മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റിയാലും ഉപഭോക്താക്കളെ ഒരുതരത്തിലും ബാധിക്കുക യില്ലെന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഈ ഡിപ്പോ തൽസ്ഥാനത്തുതന്നെ നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(19) <u>വർക്കല ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ</u>

<u>ശ്രീ. വർക്കല കഹാർ</u>: ആവശ്യത്തിന് ഡോക്ടർമാരെയും പാരാമെഡി ക്കൽ സ്റ്റാഫിനേയും നിയമിച്ച് വർക്കല ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ അടിയന്തിര നടപടിയു ണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)</u>: വർക്കല ഗവൺമെന്റ് ആശുപത്രിയിൽ എട്ട് ഡോക്ടർമാരും നേഴ്സസും മറ്റു പാരാമെഡിക്കൽ സ്റ്റാഫും ഉൾപ്പെടെ ഏകദേശം 54 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. വർക്കല ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്ത സാഹചര്യത്തിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

(20) <u>ചളവറ സി.എച്ച്.സി.-യിൽ കിടത്തി ചികിൽസ</u>

<u>ശ്രീ. എം. ഹംസ</u>: ചളവറ സി.എച്ച്.സി.യെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കിടത്തി ചികിൽസയുള്ള ആശുപത്രിയാക്കി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>): കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും അതിനുമുകളിലുള്ള താലൂക്ക് ആശുപത്രികളുമെല്ലാം കിടത്തി ചികിൽസയുള്ള ആശുപത്രികളാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. പി.എച്ച്.സി. കളിലെ ഡോക്ടേഴ്സ് അതാതു പഞ്ചായത്തിലെ ഫീൽഡ് വർക്കിനോടൊപ്പം രോഗ പ്രതിരോധ പ്രവർത്തനത്തിനുള്ള നേതൃത്വവും കൊടുക്കണം. ചളവറ പി.എച്ച്.സി. സി.എച്ച്.സി. യാക്കി മാറ്റിയിട്ടുണ്ട്.

(21) <u>കാലവർഷക്കെടുതിമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ</u>

<u>ശ്രീ. കെ.സി. കുഞ്ഞിരാമൻ:</u> വയനാട് ജില്ലയിൽ കാലവർഷക്കെടുതിയിൽ ഏഴുപേർ മരണമടയുകയും ഒരാളെ കാണാതാകുകയും ചെയ്തിട്ടുണ്ട്. വ്യാപകമായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും നൂറുകണക്കിന് ഹെക്ടർ കൃഷിഭൂമി ഒലിച്ചുപോകുകയും ധാരാളം വീടുകൾ മണ്ണിനടിയിലാകുകയും റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ തുടങ്ങിയവ തകരുകയും ചെയ്തു. 80 ക്യാമ്പുകളിലായി 800-ൽപ്പരം ആളുകളെ മാറ്റിപാർപ്പിച്ചിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ജാഗ്രതയോടെ നടത്തിയതിനാൽ നിരവധി പേരെ രക്ഷിക്കാൻ കഴിഞ്ഞു. കൃഷിയും വീടും നശിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പാലങ്ങളും റോഡുകളും പുനർനിർമ്മാണം നടത്തുന്നതിനും സ്ഥിരമായി വെള്ളപ്പൊക്കവും ഉരുൾപൊട്ടലുമുണ്ടാകുന്ന

പ്രദേശത്ത് താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അടിയന്തിര നടപടിയുണ്ടാകണം.

<u>ശ്രീ. എം.വി. ശ്രേയാംസ് കുമാർ:</u> വയനാട് ജില്ലയിലുണ്ടായ വ്യാപകമായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലുംപ്പെട്ട് നൂറുകണക്കിന് വീടുകൾ പൂർണ്ണമായും, മൂവായിരത്തിൽപ്പരം വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ഏഴ്പേരുടെ ജീവൻ നഷ്ടപ്പെട്ടു. ഒരാളുടെ ശവശരീരം കണ്ടെത്തിയിട്ടില്ല. ഉദ്യോഗസ്ഥരെല്ലാം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വ്യാപൃതരായതിനാൽ നാശനഷ്ടങ്ങൾ കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല. കൈവശരേഖയില്ലാത്തതിന്റെ പേരിൽ ഇവിടെയുള്ള ആർക്കും ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ പാടില്ല. എല്ലാവർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ശാശ്വതപരിഹാരത്തിന് വ്യക്തമായ ധാരണയോടുകൂടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

<u>ശ്രീ. കെ.പി. മോഹനൻ</u>: കാലവർഷക്കെടുതിയുണ്ടായ പ്രദേശങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ ഗവണ്മെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. പെരിങ്ങളം നിയോജകമണ്ഡലത്തിലെ തകർന്നുപോയ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും വീടും കൃഷിഭൂമിയും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ ആശ്വാസനടപടികൾ എത്തിക്കുന്നതിനും പഞ്ചായത്തിന് പ്രത്യേക ഫണ്ട് അനുവദിക്കണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: ശക്തമായ മഴയും ഉരുൾപൊട്ടലുംമൂലം ജൂലൈ 18-ാം തീയതി നെല്ലിയാംപതിയിൽ തകർന്ന പാലം പുന:സ്ഥാപിക്കുന്നതിനും ഒലിച്ചുപോയ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മുരളി പെരുനെല്ലി</u>: കാലവർഷക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലുണ്ടായ വ്യാപകമായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിനും കൃഷിയും വീടും നഷ്ടപ്പെട്ടവർക്ക് സാധ്യമായ എല്ലാ അടിയന്തിര സഹായവും നൽകുന്നതിനും വെള്ളക്കെട്ടുകൾ സ്ഥിരമായി ഒഴിവാക്കുന്നതിനാവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>): ജൂലൈ 15-ാം തീയതി വടക്കൻ ജില്ലകളിലുണ്ടായ ഉരുൾപൊട്ടൽ, മലയിടിച്ചിൽ എന്നിവയെ സംബന്ധിച്ച് അന്ന് ചേർന്ന മന്ത്രിസഭായോഗം ചർച്ച ചെയ്യുകയും ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കുള്ള ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ക്രൈസിസ് മാനേജുമെന്റ് യോഗം എല്ലാ ദിവസവും കൂടി സ്ഥിതിഗതികൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് വിലയിരുത്താൻ കേന്ദ്ര സംഘത്തെ അയയ്ക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രി ഉന്നത ഉദ്യോഗസ്ഥരുടെയും മന്ത്രിമാരുടെയും യോഗം വിളിച്ചുചേർത്ത് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്. വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായിട്ടുള്ളത്. ജില്ലകളിലെ ക്രൈസിസ് മാനേജുമെന്റ് സെൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങിയവർ വളരെ മികച്ച പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. കേന്ദ്രമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ നാശനഷ്ടങ്ങൾ സംഭവിച്ച സ്ഥലങ്ങൾ സന്ദർശിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. നിലമ്പൂരിൽ മൂന്ന് പാലമാണ് തകർന്നിട്ടുള്ളത്. തകർന്ന നെല്ലിയാംപതി റോഡിൽ 21-ാം തീയതി ഉച്ചയോടുകൂടി താൽക്കാലികമായി ഗതാഗതം ആരംഭിച്ചിട്ടുണ്ട്. നാശനഷ്ട

മുണ്ടായ തെക്കൻ ജില്ലകൾ മരാമത്ത് വകുപ്പുമന്ത്രി സന്ദർശിക്കുകയും സാധ്യമായ രീതിയിൽ ഇടപെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ എൻ.ഡി.ആർ.എഫ്. സേന രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഫയർഫോഴ്സിന്റെയും പോലീസിന്റെയും സേവനങ്ങൾ ഉണ്ടായിട്ടുണ്ട്. മേയ് 25 മുതൽ ജൂലൈ 21 വരെയുള്ള കണക്ക് പ്രകാരം 101 പേരാണ് സംസ്ഥാനത്ത് കാലവർഷക്കെടുതിയിൽ മരിച്ചത്. മരിച്ചതിലധികവും കുഞ്ഞുങ്ങളാണ്. ഒരു ലക്ഷം രൂപയുടെ ധനസഹായം ഇവരുടെ കുടുംബങ്ങളിൽ എത്തിക്കാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ജൂലൈ 15 മുതൽ 20 വരെ സംസ്ഥാനത്ത് ഏകദേശം ആയിരം കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. നാശനഷ്ടങ്ങൾ വിലയിരുത്തി പരമാവധി സഹായങ്ങൾ നൽകുന്നതാണ്. സ്ഥിരമായി ഉരുൾപൊട്ടുന്ന, മലയിടിച്ചിലുണ്ടാകുന്ന, താമസിക്കാൻ പറ്റാത്ത അപകടകരമായ സ്ഥലങ്ങളിലുള്ളവർക്ക് പകരം സ്ഥലവും വീടും നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കടലോര മേഖലകളിൽ 106 ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിനും മറ്റ് പ്രദേശങ്ങളിൽ 125 സ്ഥിരം ഷെൽട്ടറുകൾ സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കെടുതികൾ ഇല്ലാത്ത സമയത്ത് കമ്മ്യൂണിറ്റി ആവശ്യത്തിന് ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ 400 കോടി രൂപ ചെലവ് വരുന്ന ഒരു പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. തൃശ്ശൂരിലും മറ്റുള്ള ജില്ലകളിലും നാശനഷ്ടങ്ങളുണ്ടാകാൻ പ്രധാന കാരണം വെള്ളം ഒഴുകിപ്പോകാത്തതാണ്. വെള്ളം ഒഴുകിപ്പോകുന്നതിന് തടസ്സം സൃഷ്ടിക്കുന്ന വിധത്തിലാണ് കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ചില തടസ്സങ്ങളുമുണ്ട്. എക്സിക്യൂട്ടീവ് ഉത്തരവിറക്കി അത്തരം തടസ്സങ്ങൾ അടിയന്തിരമായി നീക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലമ്പൂരിൽ താൽക്കാലിക

പാലത്തിന് തുക അനുവദിക്കുന്നതാണ്. നാശനഷ്ടങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് കിട്ടുന്ന സഹായത്തിന് പുറമേ സംസ്ഥാന സർക്കാരിന്റെയും സി.ആർ.എഫ്.-ന്റെയും പണം വിനിയോഗിക്കുകയാണ്. രണ്ടാഴ്ചത്തെ സൗജന്യ റേഷൻ ഉൾപ്പെടെ കൊടുക്കുന്നതിനുള്ള പണം ജില്ലാ കളക്ടർമാരെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമീണ റോഡുകളുടേയും പി.ഡബ്ല്യു.ഡി. റോഡുകളുടേയും കാര്യത്തിൽ മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുക്കും.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഗ്രാമീണ റോഡുകളെക്കുറിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകളിലെ അസ്സറ്റ് രജിസ്റ്ററുകൾ ഒരു മാസത്തിനുള്ളിൽ പൂർത്തിയാകും. അതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൊണ്ട് എത്ര പുനരുദ്ധാരണം നടത്താൻ കഴിയുമെന്നതിന്റെ അടിസ്ഥാനത്തിൽ എന്താണ് അഡീഷണലായി ചെയ്യാൻ പറ്റുക എന്നത് സംബന്ധിച്ച് സർക്കാർ പരിഗണിക്കും. ഈ വർഷംതന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാം.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

<u>സമ്പൂർണ്ണ കായികക്ഷമത പദ്ധതി</u>

സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമ്പൂർണ്ണ കായികക്ഷമത പദ്ധതിയെ സംബന്ധിച്ച് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

**റിപ്പോർട്ട് സമർപ്പണം**

(1) മേശപ്പുറത്ത് വച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

<u>2009-2010 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളേയും 1985-86, 1988-89, 1990-91, 1991-92, 1992-93, 1994-95, 1996-97, 1998-99, 2001-02, 2003-04 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും</u>

2009-2010 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

<u>ശ്രീ. ജോർജ് മേഴ്സിയർ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളോട് കടപ്പാടും ഉയർന്ന നീതിബോധവും ഭരണാധികാരികൾക്ക് ഉണ്ടാകണം. സംസ്ഥാനത്തിന്റെ വികസനം മുതൽ പാവപ്പെട്ടവർക്കുള്ള ചികിത്സാ സഹായം വരെ അടങ്ങുന്ന ലക്ഷക്കണക്കിന് ഫയലുകൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുകയാണ്. കാലവർഷം കനത്തതോടുകൂടി ജനങ്ങളുടെ ദുരിതം ഇരട്ടിയായിരിക്കുന്നു. രണ്ടുവർഷം മുൻപ് പ്രഖ്യാപിച്ച സൗജന്യ റേഷനുള്ള തുകപോലും റേഷൻ കടക്കാർക്ക് ഇതുവരെ കൊടുത്തിട്ടില്ല. വികസനപദ്ധതികൾക്കുള്ള തുക എം.എൽ.എ.മാർക്ക് നൽകുന്നതിൽ തുല്യവീക്ഷണം വേണം. സിഗരറ്റിനുള്ള വാറ്റ് 12.50

ശതമാനത്തിൽ നിന്നും 20 ശതമാനമാക്കിയതോടുകൂടി അയൽ സംസ്ഥാനങ്ങളിൽ നിന്നും സിഗരറ്റ് കടത്തിക്കൊണ്ടുവരുന്നതു കാരണം നികുതി വരുമാനത്തിൽ 250 കോടി രൂപയുടെ നഷ്ടമുണ്ടാകുന്ന അവസ്ഥയാണുള്ളത്. സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും സൗജന്യ ഉച്ചഭക്ഷണവും പാഠപുസ്തകങ്ങളും നൽകാനുമായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന സഹായം സംസ്ഥാന സർക്കാർ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല. ഉച്ചഭക്ഷണത്തിനായി നൽകിയ അരി പൊതുവിപണിയിൽ മറിച്ച് വിൽക്കുന്നു. കേന്ദ്രം ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അനുവദിച്ച 4000 രൂപ വീതമുള്ള സ്ക്കോളർഷിപ്പ് 1000 രൂപയാക്കി മാറ്റുകയും അതുപോലും വിതരണം ചെയ്യാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയുമാണ്. ആഭ്യന്തരവകുപ്പ് സിപി.എം., ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ എന്നീ സംഘടനകൾ ഏറ്റെടുത്തിരിക്കുകയാണ്. ഗുണ്ടകളും മാഫിയകളും അഴിഞ്ഞാടുന്ന അവസ്ഥയാണുള്ളത്. പോലീസ് തന്നെ ക്വട്ടേഷൻ സംഘങ്ങൾ നടത്തുന്ന സ്ഥിതിയാണ്.

<u>ശ്രീ. വി. ശിവൻകുട്ടി:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇൻഡ്യയ്ക്ക് തന്നെ മാതൃകയാകുന്ന രീതിയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു 2010 ആകുമ്പോൾ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. റവന്യൂ ചെലവിലും മൂലധന ചെലവിലും പദ്ധതി ചെലവിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. എല്ലാ

ക്ഷേമപെൻഷനുകളും 250 രൂപയാക്കി വർദ്ധിപ്പിച്ചു. കേന്ദ്ര സർക്കാർ നൽകുന്ന വിലയേക്കാൾ കിലോഗ്രാമിന് 3 രൂപ കൂട്ടി നെല്ല് സംഭരിക്കാൻ കഴിഞ്ഞു. പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടേയും കെ.എസ്.ആർ.ടി.സി.യുടേയും സംരക്ഷണത്തിന് ഫണ്ട് കൊടുക്കാനും 2000 കോടി രൂപയുടെ മരാമത്ത് പണികൾക്ക് ഭരണാനുമതി കൊടുക്കാനും സാധിച്ചത് സ്വാഗതാർഹമാണ്. 26 ലക്ഷത്തോളം പാവപ്പെട്ട ആളുകൾക്ക് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി കൊടുക്കാൻ കഴിഞ്ഞു. പരമ്പരാഗത വ്യവസായ രംഗത്തെ സഹായിക്കാനും വിവിധ ശുദ്ധജല പദ്ധതികൾ ആരംഭിക്കാനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്. കൂടുതൽ അധികാരങ്ങൾ ഡയറക്ടറേറ്റുകൾക്കും വകുപ്പ് തലവൻമാർക്കും കൊടുക്കാൻ തീരുമാനിച്ചതിലൂടെ ധനവകുപ്പിൽ എത്തേണ്ട ഫയലുകളുടെ എണ്ണം പകുതിയായി കുറയ്ക്കാൻ സാധിച്ചു. ഉദ്യോഗസ്ഥ പുനർവിന്യാസം പൂർണ്ണമായി നടപ്പിലാക്കാൻ കഴിയണം. ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്ന തിന് നിലവിലുള്ള രീതിയിൽ മാറ്റം വരുത്തണം. ഇപ്പോഴുള്ള ജീവനക്കാരെ നിലനിർത്തിക്കൊണ്ട് ഉദ്യോഗസ്ഥ സംവിധാനം പുന:ക്രമീകരിക്കുന്നതിനെ ക്കുറിച്ച് ഒരു ജനകീയ കമ്മീഷനെ നിയോഗിച്ച് പഠനം നടത്തണം. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തുകയും സഹായങ്ങൾ എത്രയുംപെട്ടെന്ന് ലഭ്യമാക്കുകയും ചെയ്യണം. സാമ്പത്തിക അച്ചടക്കംമൂലം വികസന രംഗത്ത് വമ്പിച്ച മാറ്റമുണ്ടാക്കാൻ കഴിഞ്ഞു.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് ഭരണസ്തംഭനമാണ് നിലനിൽക്കുന്നത്.

രണ്ടുവർഷത്തിലധികം പഴക്കമുള്ള ഒന്നേകാൽ ലക്ഷത്തോളം ഫയലുകൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുകയാണ്. ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് കേരളത്തിൽ ജോലിചെയ്യാൻ താൽപര്യമില്ലാതായിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയാകെ അധ:പതിച്ചിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് വരുത്തിയ പരിഷ്ക്കാരങ്ങളുടെ ഫലമായി സർക്കാർ എയ്ഡഡ് സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് അനിശ്ചിതത്വം തുടർക്കഥയായി മാറിയിരിക്കുന്നു. പി.എ. മുഹമ്മദ് കമ്മിറ്റിയെ നോക്കുകുത്തിയാക്കി മാനേജുമെന്റുകൾക്ക് സഹായകരമായ നയമാണ് സർക്കാർ സ്വീകരിക്കുന്നത്. സർക്കാർ അനുമതി നൽകാത്ത 9 എഞ്ചിനീയറിംഗ് കോളേജുകൾക്ക് കേരള സർവ്വകലാശാല അഫിലിയേഷൻ നൽകി പുതിയ കീഴ്വഴക്കം സൃഷ്ടിച്ചിരിക്കുകയാണ്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ സാധിച്ചിട്ടില്ല. ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്ന നടപടികളാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 20,000 കോടി രൂപയുടെ വ്യാവസായിക നിക്ഷേപത്തിനുള്ള സാദ്ധ്യതയുണ്ടായെങ്കിലും ഒന്നുപോലും നടപ്പിലാക്കിയിട്ടില്ല. ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരിച്ചതുമൂലം നിയമനങ്ങൾ മുടങ്ങിയിരിക്കുന്നു. അലിഗഢ് സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് മലപ്പുറം ജില്ലയിൽ സ്ഥാപിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. പൊതുമരാമത്ത് പണികൾക്കായി ഓരോ എം.എൽ.എ.-യ്ക്കും അനുവദിക്കുന്ന തുകയുടെ കാര്യത്തിൽ നില നിൽക്കുന്ന അസന്തുലിതാവസ്ഥയ്ക്ക് പരിഹാരം കാണണം. കാലവർഷക്കെടുതിക്കുള്ള സഹായങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പള്ളിപ്രം ബാലൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്താതെ സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. പരമ്പരാഗത വ്യവസായ മേഖലയെ പുനരുദ്ധരിക്കുകയും നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുകയും ചെയ്തു. കാർഷിക മേഖലയ്ക്ക് പുത്തനുണർവ് നൽകുകയും കർഷക ആത്മഹത്യ ഇല്ലാതാക്കുകയും തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിന് പലിശ രഹിത വായ്പ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഉയർന്ന വില നൽകി നെല്ല് സംഭരിക്കുകയും കർഷകർക്ക് പെൻഷൻ നൽകുകയും വിവിധ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തു. വിലക്കയറ്റം പിടിച്ചുനിർത്താൻ പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിച്ചു. സമൂഹത്തിലെ പാവപ്പെട്ടവർക്ക് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരിയും ഗോതമ്പും നൽകുന്ന പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി കൊണ്ടുവരികയും അവരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. വനവിസ്തൃതി വർദ്ധിപ്പിക്കുകയും അന്യാധീനപ്പെട്ട വനഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്തു. ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിൽ സ്വകാര്യ വ്യക്തി കയ്യടക്കിയ ഇരുന്നൂറോളം ഏക്കർ വനഭൂമി തിരിച്ചുപിടിച്ച് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുകയുണ്ടായി. മാന്ദ്യവിരുദ്ധ പാക്കേജിന്റെ ആദ്യഘട്ടമെന്ന നിലയിൽ 2000 കോടി രൂപയുടെ

നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും രണ്ട് വർഷംകൊണ്ട് 10,000 കോടി രൂപയുടെ പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ജനങ്ങളുടെ ക്രയശേഷിയും തൊഴിൽ സാദ്ധ്യതകളും വർദ്ധിക്കും. കാലവർഷക്കെടുതികൾക്കുള്ള ദുരിതാശ്വാസം നൽകുന്നതിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം കേരളത്തിന് അനുയോജ്യമായ തരത്തിലുള്ളതാക്കി മാറ്റുന്നതിന് നടപടിയെടുക്കണം. ജില്ലാ പഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് അവർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുകയോ പി.ഡബ്ല്യു.ഡി. ആ റോഡുകൾ ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കി മാറ്റുകയോ ചെയ്യണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒരു പദ്ധതിയുടെ ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ അതിന്റെ ചെലവ് ബഡ്ജറ്റിന് അപ്പുറത്തേയ്ക്ക് പോകുന്നത് സാമ്പത്തിക അച്ചടക്കമില്ലായ്മയുടെ തെളിവാണ്. ഡിപ്പാർട്ടുമെന്റുകൾ സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോയെന്നുള്ള വിലയിരുത്തൽ നടക്കുന്നില്ല. കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ വകുപ്പുകളിലായി 246.17 കോടി രൂപയുടെ ക്രമക്കേടുകൾ നടന്നതായി പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ വെളിപ്പെടുത്തിയിരിക്കുകയാണ്. 2006-07, 2007-08 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 61 ദിവസവും 47 ദിവസവും സർക്കാരിന് ഓവർഡ്രാഫ്റ്റ് എടുക്കേണ്ടിവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ മാറ്റമുണ്ടാക്കിക്കൊണ്ട് മുന്നോട്ടു പോകുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. സെക്രട്ടേറിയറ്റിലെ ഭരണസ്തംഭനാവസ്ഥ അവസാനിപ്പിക്കണം. വികസന പ്രവർത്തനങ്ങളും പദ്ധതി നടത്തിപ്പും കാര്യക്ഷമമാക്കണം.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കാതെ സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ക്ഷേമപെൻഷനുകളും 250 രൂപയാക്കി ഉയർത്തുകയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ 65 വയസ്സ് കഴിഞ്ഞവർക്ക് 100 രൂപ വാർദ്ധക്യകാല പെൻഷൻ അനുവദിക്കുകയും ചെയ്തു. വ്യാപാരികൾക്ക് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയും ചെക്ക്പോസ്റ്റുകളെ നവീകരിച്ചും വാണിജ്യ നികുതി വരുമാനത്തിൽ വൻവർദ്ധനവുണ്ടാക്കി. സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ക്ഷാമബത്ത കുടിശ്ശിക പൂർണ്ണമായും നൽകി. പട്ടികജാതി/പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗക്കാരുടെ 25,000 രൂപവരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും അടക്കം എഴുതിത്തള്ളാൻ തീരുമാനിച്ചു. ട്രഷറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും എല്ലാ ട്രഷറികളിലും പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുകയും സോഷ്യൽ ആഡിറ്റിംഗ് ഏർപ്പെടുത്തുകയും ചെയ്തു. ലോട്ടറി വില്പനക്കാർക്കും ഏജന്റുമാർക്കുംവേണ്ടി ക്ഷേമനിധി ഏർപ്പെടുത്തി. കെ.എസ്.എഫ്.ഇ., കെ.എഫ്.സി. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി. സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ചും റവന്യൂ ചെലവ് നിയന്ത്രിച്ചും വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ യാതൊരു നിയന്ത്രണവും വരുത്താതെ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം കേരളത്തിന് അനുയോജ്യമായ രീതിയിൽ മാറ്റുന്നതിനുള്ള നടപടികളെടുക്കണം. എസ്.എസ്.എ., എൻ.ആർ.എച്ച്.എം. പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യ സുരക്ഷയെപ്പോലും അട്ടിമറിക്കുന്ന നയങ്ങളാണ് കേന്ദ്രസർക്കാർ

സ്വീകരിക്കുന്നത്. വെട്ടിക്കുറച്ച റേഷൻ വിഹിതം പുന:സ്ഥാപിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. സംസ്ഥാന ഗവൺമെന്റ് ഏറ്റവും ഫലപ്രദമായ രീതിയിലാണ് വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരുപോലെ വികസപ്രവർത്തനങ്ങൾ നടത്തുന്ന ഗവൺമെന്റാണിത്.

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പദ്ധതിച്ചെലവുകൾ വെട്ടിചുരുക്കാതെതന്നെ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനുള്ള ഗവൺമെന്റിന്റെ പ്രവർത്തനം അങ്ങേയറ്റം ശ്ലാഘനീയമാണ്. കരാറുകാരുടെ കുടിശ്ശികയും സാമൂഹ്യക്ഷേമ പെൻഷനുകളുടെ കുടിശ്ശികയും കൊടുത്തുതീർക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ കഴിഞ്ഞു. 2000 കോടി രൂപയുടെ പൊതുമരാമത്ത് പണികൾക്ക് ഭരണാനുമതി നൽകിയ നടപടി ശ്രദ്ധേയമാണ്. സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുകവഴി ട്രഷറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നാലായിരം കോടി രൂപ ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര സർക്കാർ അനുവദിച്ചത് കേവലം 50 കോടി രൂപ മാത്രമാണ്. സംസ്ഥാനത്തിനുള്ള അരിവിഹിതത്തിൽ 90 ശതമാനം വെട്ടിക്കുറവ് വരുത്തിയത് പുന:സ്ഥാപിക്കാൻ ഇനിയും കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. മരാമത്ത് പണികളുടെ കരാറുകാരിൽനിന്നും വാറ്റ് നികുതിയും വെൽഫെയർ ടാക്സും ഈടാക്കുന്നതിനുപുറമേ സർവ്വീസ് ടാക്സ് കൂടി പിരിക്കാനുള്ള തീരുമാനം പിൻവലിക്കണം. ടുബോക്കോ

ബേസ്ഡ് ഇൻഡസ്ട്രീസിന്റെ നികുതി നിരക്ക് ഉയർത്തിയ നടപടി കള്ളക്കടത്ത് വ്യാപമാക്കാൻ പ്രേരകമാകും. ടുബാക്കോ ബേസ്ഡ് ഇൻഡസ്ട്രീസ്, ബേക്കറി ഉൽപ്പന്നങ്ങൾ, ഗ്ലൗസ് എന്നിവയ്ക്ക് നികുതി കൂട്ടിയ നടപടി പുന:പരിശോധിക്കണം.

ശ്രീമതി കെ. എസ്. സലീഖ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ജനക്ഷേമകരമായ പല പദ്ധതികളും ദീർഘവീക്ഷണത്തോടെ മുൻഗണനാടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. സുസ്ഥിരമായ സാമ്പത്തിക അടിത്തറ പടുത്തുയർത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 2000 കോടി രൂപയുടെ മരാമത്ത് പണികൾക്ക് അനുമതി കൊടുത്തുകൊണ്ടുള്ള പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുകയാണ്. മരാമത്ത് പണികൾക്കുപുറമേ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന വർക്കുകൾക്ക് പ്രത്യേക പരിഗണന നൽകി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടി ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. പൊതുവിതരണം, സാമൂഹ്യക്ഷേമ പെൻഷനുകൾ, പൊതുജനാരോഗ്യം, പൊതുമരാമത്ത് തുടങ്ങി എല്ലാ രംഗങ്ങളിലും സാർവ്വത്രികമായി പുരോഗതി കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ക്ഷേമപെൻഷനുകളെ വിമർശിച്ചവർ ഇപ്പോൾ ക്ഷേമ പെൻഷനുകൾ വിപുലപ്പെടുത്തണമെന്നും ശക്തിപ്പെടുത്തണമെന്നുമുള്ള ആവശ്യം ഉന്നയിക്കുകയാണ്. ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ കേന്ദ്ര ഗവൺമെന്റ് പോലും അംഗീകരിച്ചിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ ബാധ്യതകൾ തീർത്തുകൊണ്ട് പദ്ധതികൾ വെട്ടിച്ചുരുക്കാതെ ധനസ്ഥിതി മെച്ചപ്പെടുത്തി മുന്നോട്ടുപോകുന്ന നയമാണ്

ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പൊതുവിതരണ രംഗത്തും വിപണിയിലും ഇടപെട്ടുകൊണ്ട് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന നടപടി ശ്ലാഘനീയമാണ്. സഹകരണ മേഖല സമാന്തര സമ്പദ്ഘടനയായി വളർന്നിരിക്കുന്നു. ക്രിയാത്മക നടപടികൾ സ്വീകരിച്ചുകൊണ്ട് ആഗോളവൽക്കരണം സൃഷ്ടിച്ചിരിക്കുന്ന സാമ്പത്തിക പ്രത്യാഘാതത്തെ നേരിടണം. കാർഷിക-വ്യാവസായിക-ആരോഗ്യ മേഖലയിലെ പ്രതിസന്ധികളെ കൂട്ടായ്മയോടുകൂടിയ പ്രവർത്തനങ്ങളിലൂടെ മറികടക്കാൻ കഴിയണം. കമ്പ്യൂട്ടറൈസേഷൻ നടപടിയിലൂടെ ട്രഷറികളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കാൻ കഴിയും. ഇ-കോർട്ട് പ്രോജക്ട് നടപ്പിലാക്കിയും മൂന്ന് പുതിയ കോടതികൾ സ്ഥാപിച്ചും കെട്ടികിടക്കുന്ന കേസുകൾക്ക് തീർപ്പുകൽപ്പിക്കാനാണ് ശ്രമിക്കുന്നത്. ശബരിമല റോഡുകളുടെ ദീർഘകാല അറ്റകുറ്റപ്പണികൾക്കും വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനും വിവിധ സർക്കാർ ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും 41 കോടി രൂപ വകയിരുത്തിയ നടപടി പ്രശംസനീയമാണ്. ഹജ്ജ് ഹൗസുകളുടെ ഫിനിംഷിംഗ് ജോലികൾ പൂർത്തീകരിക്കുന്നതിനും പുന്നപ്ര-വയലാർ സ്മാരകം പണിയുന്നതിനും തുക വകയിരുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്. അടിസ്ഥാന സൗകര്യങ്ങളില്ലാതെ അടച്ചുപൂട്ടിയിരുന്ന ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ ഫാർമസ്യൂട്ടിക്കൽ ഡ്രഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് തുടക്കം കുറിക്കാൻ സഹായകരമായ നിലപാടുകൾ സ്വീകരിച്ചു. തിരുവനന്തപുരം, ആലപ്പുഴ മെഡിക്കൽ കോളേജുകൾ, ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ

തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. ജലവിതരണ രംഗത്ത് ഉപയോഗ ശൂന്യമായ പൈപ്പുകൾ മാറ്റി ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അടഞ്ഞു കിടന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആശ്വാസം നൽകാൻ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വന്ന് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പുന:സ്ഥാപിക്കാനും ചെറുകിട വ്യവസായങ്ങൾക്ക് വെൽഫയർ ഫണ്ട് രൂപീകരിക്കാനും ദിനേശ് ബീഡിത്തൊഴിലാളികൾക്ക് പെൻഷൻ നൽകാനും തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. വിവിധ മേഖലകളിൽ സർക്കാരിന്റെ ഇടപെടലുകളിലെ അഴിമതി കണ്ടെത്തുന്ന മാധ്യമ പ്രവർത്തകർക്ക് പുരസ്ക്കാരം നൽകാൻ തുക വകയിരുത്തുകയും പ്രസ്സ് അക്കാദമിക്കും പ്രസ്സ് ക്ലബ്ബുകൾക്കും തുക വകയിരുത്തി മാധ്യമ പ്രവർത്തനത്തിന് സഹായകരമായ നിലപാട് സ്വീകരിക്കുകയും ചെയ്ത ഗവണ്മെന്റാണിത്.

<u>ശ്രീ. കെ. കെ. ഷാജു</u> : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. മൂന്ന് വർഷംകൊണ്ട് വികസനപ്രവർത്തനങ്ങൾ മുരടിച്ചിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങൾക്ക് വമ്പിച്ച വിലക്കയറ്റമാണ് ഉണ്ടായിരിക്കുന്നത്. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം നേരിട്ട് പറയാതെ പെൻഷൻ ഏകീകരണമെന്ന വളഞ്ഞ വഴിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഓരോ വർഷവും സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന് പറയുമെങ്കിലും ഇതുവരേയും അതിന് കഴിഞ്ഞിട്ടില്ല. കാലവർഷക്കെടുതിയുടെ ദുരന്തങ്ങൾ കേന്ദ്ര സർക്കാരിനെ ശരിയായ വിധത്തിൽ ബോധിപ്പിക്കാത്തതുകൊണ്ട്

അർഹമായ സാമ്പത്തിക സഹായം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത പല നയങ്ങളും സർക്കാർ സ്വീകരിക്കുന്നു. 5000 കോടി രൂപയുടെ പാക്കേജിൽ ആദ്യം പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പദ്ധതിയിൽ പന്തളം മണ്ഡലത്തിനുവേണ്ടി വെറും ഒരു കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അക്കാര്യം ഗൗരവമായി പരിഗണിക്കണം.

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക രംഗത്ത് ശുഷ്കാന്തിയോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ് ആവശ്യമായ ഘട്ടത്തിൽ ഉപധനാഭ്യർത്ഥനകൾ അവതരിപ്പി ക്കുന്നത് സ്വാഭാവികമാണ്. സംസ്ഥാനത്തെ സുസ്ഥിരതയിലേയ്ക്ക് നയിക്കുന്ന ധനനയം നടപ്പിലാക്കാനാണ് കഴിഞ്ഞ മൂന്ന് വർഷമായി ഈ സർക്കാർ ശ്രമിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ക്ഷേമ പദ്ധതികൾ വെട്ടിച്ചുരുക്കിയും നിയമന നിരോധനം നടപ്പിലാക്കിയും ജനദ്രോഹകരമായ പരിപാടികൾ ആവിഷ്ക്കരിച്ചും ചെലവ് ചുരുക്കാൻ ശ്രമിച്ചപ്പോൾ ഈ സർക്കാർ ധനനയം ആവിഷ്ക്കരിച്ച് അതിനനുസരി ച്ചുള്ള പദ്ധതികളും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ് ചെയ്തത്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് അധിക നികുതി ഭാരം ജനങ്ങളിൽ അടിച്ചേൽപ്പിക്കാതിരിക്കുവാൻ നടപടി കൾ സ്വീകരിച്ചത് അഭിനന്ദാർഹമാണ്. 2010-2011 സാമ്പത്തിക വർഷത്തോടെ റവന്യൂ കമ്മി ഇല്ലാതാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ധനക്കമ്മി 3 ശതമാനത്തിൽ നിയന്ത്രിച്ചുനിറുത്താൻ ഗവൺമെന്റ് വേണ്ട പരിശ്രമം നടത്തിയിട്ടുണ്ട്. പൊതുകടവും പലിശയിനത്തിലുള്ള ചെലവും നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയോടേയും കൂട്ടുത്തരവാദത്തോടേയും യുക്തിഭദ്രമായും പ്രവർത്തിക്കാൻ ഗവൺമെന്റിന്

സാധിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റമുണ്ടാകണം. ന്യൂനപക്ഷ-പിന്നോക്ക വിഭാഗക്കാരെ പരിഗണിച്ചുകൊണ്ട് വിവിധ സംസ്ഥാനങ്ങളിലായി ആറായിരം മോഡൽ സ്കൂളുകൾ കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളനുസരിച്ച് കേരളത്തിന് അത് ലഭിക്കാത്ത അവസ്ഥയാണുള്ളത്. നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യത്തിലും സംസ്ഥാനം ബുദ്ധിമുട്ടുകൾ നേരിടുകയാണ്. കേന്ദ്രം സംസ്ഥാന ഗവൺമെന്റിന് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് എല്ലാ രാഷ്ട്രീയ കക്ഷികളും ഒറ്റക്കെട്ടായി കേന്ദ്രത്തോട് ആവശ്യപ്പെടണം. കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് ലഭ്യമായ തുക വേണ്ട രീതിയിൽ വിനിയോഗിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. രണ്ടായിരം കോടി രൂപയുടെ വർക്കുകൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഗവൺമെന്റ് ഭരണാനുമതി നൽകിയത് ചരിത്ര നേട്ടമാണ്. ടെക്നിക്കൽ സാങ്ഷനും ടെണ്ടർ നടപടികളും ഒന്നിച്ചു പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. ടി. എ. റഹീം: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിലൂടെ ഗവൺമെന്റിന് വലിയ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പ്രീമെട്രിക് സ്കോളർഷിപ്പ് നൽകാൻ കഴിയാത്തത് അപേക്ഷകരില്ലാത്തതുകൊണ്ടാണ്. ജനാധിപത്യപരമായും പാവപ്പെട്ടവർക്കു ഗുണംചെയ്യുന്നതുമായ ഒട്ടേറെ നല്ല പ്രവർത്തന ങ്ങളുമായാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വരവും ചെലവും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ട്

മെച്ചപ്പെട്ട സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. 2010-2011 ആകുമ്പോൾ വായ്പ എടുക്കാതെ ദൈനംദിനച്ചെലവ് നിർവ്വഹിക്കാൻ കഴിയുന്ന സ്ഥിതി സംസ്ഥാനത്തുണ്ടാകും. സാമ്പത്തിക രംഗത്ത് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ അവഗണിക്കുക യാണ് ചെയ്യുന്നത്. പ്രകൃതിക്ഷോഭംമൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് അർഹിക്കുന്ന വിഹിതം ലഭ്യമാകുന്നില്ല. കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് ഇപ്പോഴുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിന് കേന്ദ്ര നിരീക്ഷകരെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻ സത്വര നടപടി സ്വീകരിക്കണം.

<u>ശ്രീ. മാത്യു ടി. തോമസ്</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവണ്മെന്റ് വിദഗ്ദ്ധമായ ധനകാര്യ മാനേജ്മെന്റാണ് കാഴ്ചവച്ചിട്ടുള്ളത്. ട്രഷറി നിയന്ത്രണം ഏർപ്പെടുത്താതെ ക്ഷാമബത്തയിലും ക്ഷേമപെൻഷനുക ളിലും ഉണ്ടായിരുന്ന കുടിശ്ശിക കൊടുത്തുതീർത്തു. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചു. പുതിയ വിഭവ സ്രോതസ്സുകൾ കണ്ടെത്തി വരുമാനം കൂട്ടാനുള്ള നടപടികൾ സ്വീകരിച്ചു. ജലവിഭവ വകുപ്പിലും മരാമത്ത് വകുപ്പിലുമായി രണ്ടായിരം കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി കൊടുത്തു. കെ.എസ്.ആർ.ടി.സി. അടക്കമുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെ ടുത്താനുള്ള സാമ്പത്തിക സഹായം നൽകി. ആഗോള സാമ്പത്തിക മാന്ദ്യം നേരിടുന്നതിന് രാജ്യത്താകമാനം ഏകീകൃത സാമ്പത്തിക ഉത്തേജന പദ്ധതിക്ക് നേതൃത്വം നൽകണം. ആഗോള സാമ്പത്തിക മാന്ദ്യം ഉൽപ്പാദന മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതിനാൽ റബ്ബർ ബോർഡ് കയർ ബോർഡ് തുടങ്ങിയവയെ ശക്തിപ്പെടുത്തണം. കമ്മോഡിറ്റി പ്രൈസ് സേഫ്റ്റി സ്കീം നടപ്പാക്കണം. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി,

എം.എൻ. സ്മാരക ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവ ജനോപകാര പ്രദമാണ്. ഇൻഡ്യയെ വിദേശ രാജ്യങ്ങൾക്ക് അടിയറ വയ്ക്കുന്ന സമീപന മാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്.

ശ്രീമതി ഇ.എസ്. ബിജിമോൾ: ഉപധനാഭ്യർത്ഥനകളെ അനുകൂ ലിക്കുന്നു. സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് ചിട്ടയായ പ്രവർത്തന ങ്ങളിലുടെയും ചെലവുകൾ വെട്ടിക്കുറയ്ക്കാതെയും റവന്യൂ കമ്മി പൂജ്യമാക്കുക എന്ന ലക്ഷ്യപ്രാപ്തിക്കുവേണ്ടി നടപടികൾ സ്വീകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. മരാമത്ത് വകുപ്പിലെ കരാറുകാരുടേയും ക്ഷേമ പെൻഷനുകളുടേയും കുടിശ്ശിക കൊടുത്തു തീർത്തു. മാർക്കറ്റ് ഇന്റർവെൻഷന് കൂടുതൽ തുക മാറ്റി വയ്ക്കാൻ നടപടി സ്വീകരിച്ചു. ജീവനക്കാർക്കും പെൻഷൻകാർക്കും ക്ഷാമബത്ത കുടിശ്ശികയി ല്ലാതെ കൊടുത്തുതീർത്തു. പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കി. മൂലധന ചെലവ് 1.6 ശതമാനത്തിൽ എത്തിക്കാനും രണ്ടായിരം കോടി രൂപ യുടെ പ്രവൃത്തികൾക്ക് ഭരണാനുമതി കൊടുക്കാനുമുള്ള നടപടി സ്വീകരിച്ചു. നികുതി നിരക്കിൽ ഗണ്യമായ വർദ്ധനവ് വരുത്താതെ മൂല്യവർദ്ധിത നികുതി യിൽ വളർച്ച നേടാനായി. റവന്യൂ കടവും പലിശച്ചെലവും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ ഉടമസ്ഥരുടെ വിഹിതം ലഭ്യമാക്കാനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കണം. ഇൻഡസ്ട്രിയൽ ഗ്ളൗസ്, ഫിംഗർ ക്യാപ്പ് എന്നിവയുടെ നികുതി മുൻകാല പ്രാബല്യത്തോടെ 4 ശതമാനമായി കുറയ്ക്കണം. തോട്ടം തൊഴിലാളി കൾക്കുള്ള റിലീഫ് ഫണ്ട് വർദ്ധിപ്പിക്കണം.

ശ്രീ. പി. ജയരാജൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2009-10 ബ്ഡജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം .സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികളാണ് ഗവണ്മെന്റ് സ്വികരിക്കുന്നത്. രണ്ടായിരം കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന ഉത്തരവിൽ പി.ഡബ്ളിയു.ഡി. റോഡുകൾക്കും പാലങ്ങൾക്കും മാത്രമേ ഭരണാനുമതി നൽകൂ എന്നുള്ള നിബന്ധന മാറ്റാനുള്ള നടപടി സ്വീകരിക്കണം. സുനാമി പുനരധിവാസ സഹായ പദ്ധതി, ഇ. കോർട്ട് സംവിധാനം, പുതിയ കുടുംബകോടതികൾ സ്ഥാപിക്കൽ, കക്ഷി രാഷ്ട്രീയ ഭേദമന്യേ വിഷൻ 2010 അനുസരിച്ചുള്ള പദ്ധതികൾ എല്ലാ മണ്ഡലങ്ങളിലും നടപ്പാക്കൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം, ബൈപ്പാസ്സുകളുടെ നിർമ്മാണം, തോട്ടം തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ, രോഗബാധയുള്ള തെങ്ങുകൾ വെട്ടിമാറ്റി ഉൽപ്പാദനക്ഷമതയുള്ള തെങ്ങുകൾ വച്ചുപിടിപ്പിക്കാനുള്ള പദ്ധതി, ദിനേശ് ബീഡി തൊഴിലാളികൾക്ക് പെൻഷൻ തുടങ്ങിയവയ്ക്കെല്ലാം തുക നീക്കി വച്ചിട്ടുള്ളത് സ്വാഗതാർഹമായ കാര്യങ്ങളാണ്. സാമ്പത്തിക മാനേജ്മെന്റിന്റെ കാര്യത്തിൽ ഈ ഗവണ്മെന്റ് നടത്തിയ നടപടികൾ ശ്ലാഘനീയമാണ്. അധികാരത്തിൽ വന്ന് രണ്ട് മാസത്തിനകം ജനദ്രോഹകരമായ നടപടികളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ.കെ. ശിവദാസൻ നായർ: ഉപധനാഭ്യർത്ഥനകളെ ഏതിർക്കുന്നു. വിദ്യാഭ്യാസ മേഖലയെ തകർത്തെറിഞ്ഞ ഒരു ഗവൺമെന്റാണ് ഇവിടെ ഭരണം നടത്തുന്നത്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ളാസ്സിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞതിന്റെ കാരണം

അന്വേഷിക്കണം. ശാസ്ത്ര സാഹിത്യ പരിഷത്തുകാരുടെ പരിശീലന കളരിയായി വിദ്യാഭ്യാസരംഗം മാറിയിരിക്കുന്നു. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മൂന്നു തരത്തിലുള്ള ഫീസാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സ്വകാര്യ മാനേജ്മെന്റുകൾക്ക് യഥേഷ്ടം വിദ്യാഭ്യാസ കച്ചവടം നടത്താനുള്ള സൗകര്യമാണ് ഗവൺമെന്റ് ചെയ്തുകൊടുത്തിരിക്കുന്നത്. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിൽ എൻട്രൻസ് കമ്മീഷണറുടെ ലിസ്റ്റിൽനിന്നും മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തിയിരുന്ന രീതിയിൽ മാറ്റം വരുത്തി ലിസ്റ്റിൽനിന്നും ആരെ വേണമെങ്കിലും മാനേജ്മെന്റിന് നിയമിക്കാമെന്നുള്ള വ്യവസ്ഥ കൊണ്ടുവന്നിരിക്കുകയാണ്. ആരോഗ്യരംഗം നാഥനില്ലാക്കളരിയായി മാറിയിരിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹൃദയ ശസ്ത്രക്രിയ, തൊറാസിക് സർജറി എന്നിവയ്ക്ക് വിധേയരാകുന്നവരുടെ ഉയർന്ന മരണ നിരക്ക് സംബന്ധിച്ച് ആരോഗ്യ വകുപ്പ് വിശദീകരണം നൽകണം. പകർച്ചപ്പനിയും മറ്റ് മാറാവ്യാധികളും തടയുന്നതിന് ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഗവൺമെന്റ് ആശുപത്രികളിലെത്തുന്ന രോഗികളുടെ എണ്ണം കുറഞ്ഞുവരികയാണ്. ഡോക്ടർമാരുടെ സമരം ഒത്തുതീർപ്പാക്കുന്നതിന്റെ ഭാഗമായി കൊണ്ടുവന്ന വ്യവസ്ഥകൾ പാലിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. പോലീസിന്റെ കാര്യക്ഷമതയില്ലായ്മ സംസ്ഥാനത്തിനുതന്നെ അപമാനമായി മാറിയിരിക്കുകയാണ്. എറണാകുളം കളക്ടറേറ്റിലെ സ്ഫോടനവുമായി ബന്ധപ്പെട്ട് ഒരു പ്രതിയെപ്പോലും ഇതുവരെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പോലീസ് സ്റ്റേഷനിൽ കടന്നുകയറി പോലീസുകാരെ മർദ്ദിച്ച് പ്രതികളെ മോചിപ്പിച്ചുകൊണ്ടുപോകുന്ന ഭീകരാവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്.

കേന്ദ്ര ഗവൺമെന്റ് കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിച്ചുവെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ കൊപ്ര സംഭരിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. അവശ്യ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. ശബരി സ്റ്റോറുകളും ലാഭം മാർക്കറ്റുകളും പൂട്ടിക്കൊണ്ടിരിക്കുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷനെ ലാഭകേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. തൊഴിലുറപ്പു പദ്ധതിയെ പരാജയപ്പെടുത്താനും ഭക്ഷ്യ സുരക്ഷാ പദ്ധതിയെ ഇല്ലാതാക്കുന്നതിനുമാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സമസ്ത മേഖലകളിലും ഈ ഗവൺമെന്റിന് പരാജയം സംഭവിച്ചിരിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സംസ്ഥാന സർക്കാർ പുതിയ കാര്യങ്ങൾക്കുവേണ്ടി കണ്ടിജൻസി ഫണ്ടിൽനിന്ന് എടുക്കുന്ന പണം തിരിച്ചടയ്ക്കണം. അത് സപ്ളിമെന്ററി ഡിമാന്റ്സിലൂടെയാണ് വരുന്നത്. ബഡ്ജറ്റ് പ്രസംഗത്തിലുള്ള പുതിയ പ്രഖ്യാപനങ്ങൾക്ക് എ.എസ്. കൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ അടുത്ത സപ്ളിമെന്ററി ഡിമാന്റ്സിൽവച്ച് പണം കൊടുക്കുകയാണ് ചെയ്യുന്നത്. എത്രയുംപെട്ടെന്ന് കാര്യങ്ങൾ ചെയ്തുപോകണമെന്നുള്ളതുകൊണ്ടാണ് ബഡ്ജറ്റ് പ്രസംഗത്തിലുള്ളതിനൊക്കെ സപ്ളിമെന്ററി ഡിമാന്റ്സിൽ പ്രൊവിഷൻ വച്ചിരിക്കുന്നത്. ഹെഡ് ഓഫ് അക്കൗണ്ട് ഉള്ളതുകൊണ്ട് എ.എസ്. കൊടുക്കുന്ന മുറയ്ക്ക് എപ്പോൾ വേണമെങ്കിലും അഡീഷണൽ ആതറൈസേഷൻവഴി നൽകാം. 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്ത വർക്കുകൾക്ക് സ്പെഷ്യൽ ഫിനാൻസ് സാംഗ്ഷൻ നൽകാനുള്ള നടപടിക്രമങ്ങളുണ്ട്. 2008-2009-ൽ ഒരു ദിവസം പോലും സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലേയ്ക്ക് പോയിട്ടില്ല. ശമ്പളപരിഷ്ക്കരണം വരുമ്പോൾ ഈ സ്ഥിതി

മാറും. സർവ്വീസ് ടാക്സ് സേവനം നൽകുന്ന ആള് തന്നെ കൊടുക്കണം. കേന്ദ്രസർക്കാർ ഒഴിവാക്കുകയാണെങ്കിൽ അതനുസരിച്ച് ചെയ്യാവുന്നതാണ്. ഹാന്റ് ഗ്ലൗസിന്റേയും മെഡിക്കൽ ഗ്ലൗസിന്റേയുമൊക്കെ ടാക്സ് റിവൈസ് ചെയ്യുന്നതാണ്. കൺസ്ട്രക്ഷൻ തൊഴിലാളികളുടെ കാര്യം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് പരിഹരിക്കാവുന്നതാണ്. ക്ഷേമ നിധിയുടെ കോർപ്പസ് ഫണ്ടിൽ നിന്ന് ഇതുവരെ തുകയൊന്നും തന്നെ ട്രഷറി കളിലേയ്ക്ക് മാറ്റിയിട്ടില്ല. അടുത്ത ഏപ്രിൽ ഒന്നിന് എല്ലാം മാറ്റും. മലബാർ പാക്കേജിൽപ്പെടുത്തി 2000 കോടി രൂപയുടെ മരാമത്ത് പണി കൾക്ക് അനുമതി നൽകിയിട്ടുണ്ട്. കുടിവെള്ളം, ജലസേചനം, സ്പോർട്ട്സ്, ടൂറിസം എന്നീ മേഖലകളിലേയും ഐ.ടി. വ്യവസായ പാർക്കു കൾക്ക് വേണ്ടിയുള്ള റോഡുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒന്നുരണ്ട് മാസത്തിനകം ഭരണാനുമതി നൽകുന്നതാണ്. ഓരോ മണ്ഡ ലത്തിന്റേയും ആവശ്യകത എന്തൊക്കെയാണ് എന്നതുസംബന്ധിച്ച് ബന്ധ പ്പെട്ടവരുമായി ചർച്ചചെയ്ത് ആശങ്കകളൊക്കെ പരിഹരിച്ച് മുന്നോട്ടുപോ കുന്നതാണ്. കേരള സർക്കാരിന് ലാഭമുണ്ടാക്കാനുള്ള ഏർപ്പാടായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ മാറ്റാൻ ഉദ്ദേശിക്കുന്നില്ല. ഫുഡ് സെക്യൂരിറ്റി ആകടിനെതിരെ ഭരണപക്ഷ പ്രതിപക്ഷ വ്യത്യാസമില്ലാതെ സമ വായമുണ്ടാക്കി മുന്നോട്ടു നീങ്ങണം. ഓൺ ലൈൻ ലോട്ടറി നിരോധിക്കണ മെങ്കിൽ പേപ്പർ ലോട്ടറിയും നിരോധിക്കണം. നിലവിലുള്ള നിയമത്തിന്റെ സെക്ഷൻ (4) പ്രകാരം ഓൺ ലൈൻ ലോട്ടറി ഈ ഗണത്തിൽപ്പെടില്ല എന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഇതിന് വിപരീതമായ നിലപാടാണ് കേന്ദ്രം സ്വീക രിക്കുന്നത്. അതുകൊണ്ട് ലോട്ടറിയുടെ കാര്യത്തിലും പ്രതിപക്ഷം യോജിച്ച

ഒരു നിലപാട് സ്വീകരിക്കണം. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന

XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 21-നെതിരെ 69 വോട്ടുകളോടേയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 21-നെതിരെ 72 വോട്ടുകളോടേയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും അധിക ധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**നിയമനിർമ്മാണ കാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. അയൽ സംസ്ഥാനങ്ങളും കേന്ദ്ര ഗവൺമെന്റും സാമ്പത്തിക മാന്ദ്യത്തിൽ നിന്നും രക്ഷപ്പെടാൻവേണ്ടി കൺസഷൻ നൽകുമ്പോൾ ഈ സർക്കാർ പരമാവധി നികുതി വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ പെർക്യാപ്പിറ്റ നികുതി പിരിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. വ്യാപാരികളെ പരമാവധി എൻകറേജ് ചെയ്തുകൊണ്ട് കൂടുതൽ ടേൺ ഓവറുണ്ടാക്കി കൂടുതൽ നികുതി പിരിക്കുകയാണ് വേണ്ടത്. അതിന് വിരുദ്ധമായ നയമാണ് സർക്കാർ കൈക്കൊള്ളുന്നത്. 1976-ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് ആക്ടിലെ വ്യവസ്ഥ പ്രകാരം പരമാവധി ഒരു വർഷത്തിൽ 2 ലക്ഷം രൂപ വരെ കോമ്പൗണ്ട് ചെയ്യാനുള്ള അധികാരമുണ്ടായിരുന്നത് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത് മിസ്‌യൂസ് ചെയ്യാനുള്ള സാധ്യത ഉണ്ട്. സംസ്ഥാനത്ത് ഏറ്റവുമധികം നികുതി വെട്ടിപ്പ് നടത്തുന്നത് സ്വർണ്ണക്കച്ചവടക്കാരാണ്. 20,000 കോടി രൂപയുടെ ടേൺ ഓവർ സംസ്ഥാനത്തുണ്ടെങ്കിലും മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് കിട്ടുന്ന നികുതി ഏകദേശം 150 കോടി രൂപയാണ്. എന്നാൽ 800 കോടി രൂപ സംസ്ഥാന ഖജനാവിലേയ്ക്ക് വരേണ്ടതാണ്. സ്വർണ്ണക്കച്ചവടക്കാരിൽ നിന്നും യഥാർത്ഥത്തിലുള്ള നികുതി പിരിച്ചെടുക്കാൻ കഴിയണം. സ്വർണ്ണക്കച്ചവടക്കാർക്ക് പുതിയ കൺസെഷനാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. ഒരു കോടി രൂപ വരെ കോമ്പൗണ്ട് ചെയ്യുമ്പോൾ 150 ശതമാനം വരെ ടാക്സ് എന്നുള്ളത് കുറയ്ക്കേണ്ട കാര്യമില്ല. കാർഷികാദായ നികുതി കുടിശ്ശികയിൽ 1991 മാർച്ച് 31 വരെയാണെങ്കിൽ പ്രിൻസിപ്പിൾ എമൗണ്ടിൽ 25 ശതമാനം കുറവ് ചെയ്ത് ബാക്കിയുള്ള പലിശ, അതിന്റെ പെനാൽറ്റി, പെനാൽറ്റിയുടെ ഇന്ററസ്റ്റ് എന്നിവ ഒഴിവാക്കാമെന്ന് പറഞ്ഞിരിക്കുന്നതിനെ അനുകൂലിക്കുകയാണ്.

കൃഷിക്കാരന്റെ 2005 വരെയുള്ള ബാധ്യത ഒഴിവാക്കണം. ബില്ലിൽ പറയുന്ന (എ) മുതൽ (ഡി) വരെയുള്ള മുഴുവൻ മുതലും അതിന്റെ പലിശയും പൂർണ്ണമായി ഒഴിവാക്കണം. കാർഷികോല്പന്നങ്ങൾക്ക് വില ലഭിക്കാത്തതുകൊണ്ടാണ് കൃഷിക്കാരന് നികുതി അടയ്ക്കാൻ സാധിക്കാത്തത്. ഇനിയും അവരോട് പലിശയും പിഴപ്പലിശയും വാങ്ങുന്നത് തെറ്റാണ്. അത് എഴുതിത്തള്ളണം. സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്ന സാധനങ്ങൾ വ്യാപാരത്തിനുവേണ്ടി ഉപയോഗിച്ചാൽ മാത്രം നികുതി ചുമത്തണം. സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് രക്ഷപ്പെടാൻ സർക്കാർ നികുതിയിളവൊന്നും അനുവദിച്ചിട്ടില്ല. പരോക്ഷ നികുതിയിൽ വലിയ ഇളവ് നൽകിയതിന്റെ ഫലമായിട്ടാണ് കേന്ദ്ര സർക്കാരിന് റവന്യൂ കമ്മി വർദ്ധിച്ചത്. നികുതി കുറച്ചുകൊണ്ടാണ് കേന്ദ്രസർക്കാർ സാമ്പത്തിക മാന്ദ്യത്തെ നേരിടുന്നത്. കേന്ദ്ര സർക്കാർ പെട്രോളിനും ഡീസലിനും വില കുറച്ചപ്പോൾ കസ്റ്റംസ് ഡ്യൂട്ടി വേണ്ടെന്നുവയ്ക്കുകയും എക്സൈസ് ഡ്യൂട്ടി ഒരു ലിറ്ററിന് ഒരു രൂപ കുറയ്ക്കുകയും ചെയ്തപ്പോൾ സംസ്ഥാന സർക്കാർ ഇവയുടെ വിലകൂട്ടുകയാണ് ചെയ്തത്. തെറ്റായ നികുതി നയമാണ് സംസ്ഥാനം സ്വീകരിക്കുന്നത്. 2007-08-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്പോലും കളക്ട് ചെയ്യാൻ സാധിക്കാത്ത ഫിനാൻസ് മാനേജ്മെന്റാണ് സംസ്ഥാനത്തുള്ളത്. റവന്യു ഗ്രോത്ത് താഴോട്ട് പോയിരിക്കുന്നു. ടാക്സ് നയം കൊണ്ടുവരുന്നതും റേറ്റ് തീരുമാനിക്കുന്നതും അന്യസംസ്ഥാനങ്ങളിലെ ടാക്സ്കൂടി വിലയിരുത്തിക്കൊണ്ടായിരിക്കണം. സിഗററ്റിന്റെ നികുതി 20 ശതമാനം ആക്കിയാൽ അത് ചെറിയ കച്ചവടക്കാരെയടക്കം പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നികുതി 12.5 ശതമാനമാക്കിത്തന്നെ നിലനിർത്തണം. ഗ്ലൗസ് ഫിങ്കർ ക്യാപ്സ് തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായങ്ങൾക്ക് 12.5 ശതമാനം ടാക്സ്

ചുമത്തിയിരിക്കുന്നത് തിരുത്താൻ നടപടി സ്വീകരിക്കണം. വലിയ ഫാക്ടറികളുടെ ഉല്പന്നങ്ങൾക്ക് 4 ശതമാനവും ചെറുകിട വ്യവസായങ്ങളുടേതിന് 12.5 ശതമാനവും നികുതി ഈടാക്കുന്നത് ചെറുകിട ഫാക്ടറികൾ പൂട്ടാൻ അവസരമൊരുക്കുകയും അത് തൊഴിലില്ലായ്മ രൂക്ഷമാക്കുകയും ചെയ്യും. പാട്ടത്തുക വർദ്ധിപ്പിക്കുന്നത് തോട്ടം മേഖലകളെ പ്രതികൂലമായി ബാധിക്കും. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് തടി കൊണ്ടുവരുമ്പോൾ സെൻട്രൽ സെയിൽസ് ടാക്സ് 3 ശതമാനവും ഇവിടെ അതിന് 12.5 ശതമാനവും ആക്കുന്നത് തടി വ്യവസായത്തെ തകർക്കാൻ ഇടവരുത്തും. പ്ലാസ്റ്റിക് ബാഗുകൾ ഉണ്ടാക്കുന്ന ചെറുകിട സ്ഥാപനങ്ങൾക്കുള്ള നികുതി 4 ശതമാനമാക്കി കുറയ്ക്കുകയും 1.4.08 മുതൽ മുൻകാലപ്രാബല്യത്തോടെ നടപ്പാക്കുയും വേണം. പൊതുമേഖലാസ്ഥാപനങ്ങളുടേയും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടേയും നികുതി കുടിശ്ശിക എഴുതിത്തള്ളുന്നതിനുപകരം ആ തുക സബ്സിഡിയായി നൽകുന്ന കാര്യം പരിഗണിക്കണം.

<u>ശ്രീ. കെ. ബാബു:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ സാധാരണക്കാർ ഉപയോഗിക്കുന്ന സാധനങ്ങൾക്കെല്ലാം വില വർദ്ധിക്കുമെന്നതിനാൽ നികുതി നിർദ്ദേശങ്ങൾ പുന:പരിശോധിക്കണം. സാധാരണക്കാർക്ക് ആശ്വാസം നൽകുന്ന യാതൊരു നടപടിയും ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. ടാക്സ് യൂണിഫോമിറ്റിക്കെതിരായ നിലപാടെടുത്ത ഏക സംസ്ഥാനം കേരളമാണ്. സിഗരറ്റിന്റെ ടാക്സ് 20 ശതമാനമാക്കി ഉയർത്തിയത് വ്യാപകമായ പ്രത്യാഘാതമുണ്ടാക്കുന്നതാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതിന്റെ ഫലമായി സംസ്ഥാനത്തിന് ലഭിക്കുന്ന അധിക നികുതി ഉപേക്ഷിച്ച് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ലഘൂകരിക്കാൻ നടപടി സ്വീകരിക്കണം.

ലോട്ടറി ടാക്സ് ഇനത്തിൽ കിട്ടാനുള്ള തുക പിരിച്ചെടുക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പേപ്പർ ബാഗിന്റെ നികുതി 4 ശതമാനമാക്കുമ്പോൾ അതിന് 01.04.2008 മുതൽ റിട്രോസ്പെക്ടീവ് ഇഫക്ട് നൽകണം. കേരള സ്റ്റാമ്പ് ആക്ട്, 1959-ൽ അണ്ടർ വാല്യൂവേഷൻ സംബന്ധിച്ച് സെക്ഷൻ 9-ൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയിൽ പിഴ എത്രയാണെന്നും എത്ര നാളത്തേയ്ക്കാണെന്നും വ്യക്തമാക്കണം. കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട്, 1963-ൽ സെക്ഷൻ 8 അനുസരിച്ച് 2010 മാർച്ച് 31-നകം അസെസ്സ്മെന്റ് തീർക്കണമെന്ന വ്യവസ്ഥ റിമാന്റ് ചെയ്തിട്ടുള്ള കേസുകൾക്ക് കൂടി ബാധകമാക്കണം. സെക്ഷൻ 39(2ബി)-ൽ ഗവൺമെന്റിന് അപ്പീൽ കൊടുക്കാൻ അനുവദിച്ചിരിക്കുന്ന സമയം മുപ്പത് ദിവസമെന്നുള്ളത് അറുപത് ദിവസമാക്കണം. ഇത് കേരള അഗ്രികൾച്ചർ ഇൻകം ടാക്സ് ആക്ട്, 1991-ലെ സെക്ഷൻ 74-ലും ബാധകമാക്കണം. ദി കേരള വാല്യൂ ആഡഡ് ടാക്സ് ആക്ട് 2003 അനുസരിച്ച് സ്വർണ്ണത്തിന്റെ നികുതിക്ക് പുതിയ സ്ലാബ് കൊണ്ടുവന്നപ്പോൾ കൂടുതൽ ടേൺ ഓവറുള്ളവർ കൂടുതൽ ടാക്സ് കൊടുക്കേണ്ടി വരുന്നത് പുന:പരിശോധിക്കണം. കട പരിശോധന നടത്തുമ്പോൾ ഓഫീസർമാർ റിക്കാർഡുകൾ അറുപത് ദിവസത്തിനകം തിരിച്ചുകൊടുക്കണമെന്നുള്ള വ്യവസ്ഥ 150 ദിവസമാക്കിയിരിക്കുന്നത് കച്ചവടക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ഒരു ഉടമസ്ഥൻ പുതിയ ബ്രാഞ്ച് തുടങ്ങിയാൽ മെയിൻ ബിസിനസ്സ് സെന്ററിന്റെ ടാക്സ് റേറ്റനുസരിച്ചുള്ള ടാക്സ് അടയ്ക്കണമെന്നുള്ള ഭേദഗതി ശരിയല്ല. അസെസ്സ്മെന്റിനുള്ള അപ്പീൽ 30 ദിവസത്തിനകം ഫയൽ ചെയ്യുകയും 15 ദിവസത്തിനുള്ളിൽ പണമടച്ചില്ലെങ്കിൽ ഇരട്ടി പിഴയും ഏഴര ശതമാനം റിക്കവറി ചാർജും

കൊടുക്കണമെന്ന വ്യവസ്ഥ ഹൈക്കോടതി വിധിക്കെതിരാണ്. നികുതിദായകൻ അപ്പീൽ നൽകിയാൽ ഏത് ഉദ്യോഗസ്ഥനാണോ ഉത്തരവ് പുറപ്പെടുവിച്ചത് അയാൾക്ക് ക്രോസ്സ് ഒബ്ജക്ഷൻ നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത് ശരിയല്ല. സെക്ഷൻ 70-ബി-ൽ own use എന്നുപറഞ്ഞിരിക്കുന്നത് വ്യക്തമാക്കണം. സെക്ഷൻ 74-എ എല്ലാ നിയമങ്ങൾക്കും ബാധകമാക്കണം. വോളന്ററി ഡിസ്ക്ലോഷർ സ്കീമനുസരിച്ച് 2009 ജൂൺ 30-നകം ഡിസ്ക്ലോസ് ചെയ്യണമെന്ന വ്യവസ്ഥ മാറ്റി 2009 ഡിസംബർ 31 ആക്കണം. ജനങ്ങൾക്ക് ആശ്വാസം നൽകുന്ന രൂപത്തിലുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരണം.

ശ്രീ. വി. ഡി. സതീശൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിൽ വാറ്റ് നിയമത്തിലെ ഭേദഗതി പ്രകാരം 20% നികുതി എന്നുള്ള പുതിയ ഷെഡ്യൂൾ പ്രായോഗികമല്ല. ഇതിൽ പറയുന്ന ഐറ്റംസിന് നികുതി വർദ്ധിപ്പിച്ചതുകൊണ്ട് അതിന്റെ ഉപഭോഗം കുറയുകയില്ല. എന്നാൽ നികുതി 12.5% എന്നത് 20 ശതമാനമായി വർദ്ധിപ്പിക്കുമ്പോൾ നികുതി വരുമാനം കുറയാനിടയാക്കും. കാരണം ഇവ വിൽക്കുന്നവർക്ക് 20 ശതമാനമോ അതിനു മുകളിലോ മാർജിൻ കിട്ടുകയില്ല. അതുകൊണ്ട് ടാക്സ് ഇവാഡ് ചെയ്യാൻ അവർ ശ്രമിക്കും; നികുതി വരുമാനം കുറയുകയും ചെയ്യും. നികുതി ഏർപ്പെടുത്തുന്നത് ശാസ്ത്രീയമായിട്ടായിരിക്കണം. വലിയ ശതമാനം ടാക്സേഷൻ കൊടുക്കരുതെന്നുള്ളതാണ് ശാസ്ത്രീയമായ നിഗമനം. അന്യസംസ്ഥാനങ്ങളിൽ 12.5 ശതമാനമായി നികുതി നിലനിൽക്കുമ്പോൾ അവിടെ നിന്ന് ഇത്തരം സാധനങ്ങൾ കടത്തിക്കൊണ്ടുവന്ന് നികുതി വെട്ടിപ്പ് നടത്തി ഇവിടെ വിൽക്കുന്നതിനുള്ള പ്രവണതയുണ്ടാകും. അതുകൊണ്ട്

നികുതി കുറച്ച് കൂടുതൽ ആളുകളെ ഇതിന്റെ നെറ്റ്‌വർക്കിൽ കൊണ്ടുവന്ന് അതുവഴി നികുതി വരുമാനം കൂട്ടുകയാണ് വേണ്ടത്. 20 ശതമാനമാക്കി നികുതി വർദ്ധിപ്പിച്ചാൽ ഈ വർഷം കിട്ടേണ്ട നികുതി വരുമാനത്തിൽ കുറവുണ്ടാകും. അതുകൊണ്ട് വാറ്റിന്റെ യൂണിഫോമിറ്റിയിൽ നിന്നുകൊണ്ട് ശാസ്ത്രീയമായ രീതിയിൽ ടാക്സ് കൊണ്ടുവരണം. 20 ശതമാനം നികുതി ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ പിൻവലിക്കണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നികുതി ഘടന അടിസ്ഥാനപരമായി പരിഷ്ക്കരിക്കാനോ ശാസ്ത്രീയമായ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താനോ ഉള്ള നിർദ്ദേശങ്ങളൊന്നുംതന്നെ ഈ ബില്ലിൽ ഇല്ല. ഇതിലെ നികുതി നിർദ്ദേശങ്ങൾ അപ്രായോഗികമാണ്. സാമ്പത്തിക മാന്ദ്യം നേരിടാനുള്ള എക്സ്പാൻഷനറി ഫിസ്ക്കൽ പോളിസിയിലെ ഒരു പ്രധാനപ്പെട്ട കാര്യം നികുതി കുറയ്ക്കുക എന്നുള്ളതാണ്. റിസഷൻ നേരിടാൻ 2000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി കൊടുത്തിട്ടുണ്ടെങ്കിലും അതിനുള്ള തുക കണ്ടെത്തുന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. സാമ്പത്തിക മാന്ദ്യം നേരിടുന്നതിന് കേന്ദ്ര ഗവൺമെന്റ് ഒട്ടേറെ നടപടികൾ സ്വീകരിക്കുകയും എൻ.ആർ.ഇ.ജി. പദ്ധതി കേന്ദ്ര സർക്കാർ നടപ്പാക്കുകയും അതുവഴി അടിസ്ഥാന വിഭാഗങ്ങളുടെ കൂലിയിൽ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി വികസനരംഗത്ത് സ്തംഭനാവസ്ഥയാണ്. ആശുപത്രികൾക്ക് ചുമത്തിയിരിക്കുന്ന ആഡംബര നികുതി രോഗികളുടെമേൽ അടിച്ചേൽപ്പിക്കുമെന്നതിനാൽ അത് പിൻവലിക്കണം. അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഓപ്പൺ ചെയ്ത് കുടിശ്ശിക പിരിക്കാനുള്ള തീരുമാനം കർഷകരെ വീണ്ടും

ആത്മഹത്യയിലേയ്ക്ക് നയിക്കുമെന്നതിനാൽ അവരുടെ കുടിശ്ശിക എഴുതിത്തളളാൻ നടപടി സ്വീകരിക്കണം.

<u>പ്രൊഫ. എൻ. ജയരാജ്</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ചെറിയ മുതൽമുടക്കി തുടങ്ങിയിട്ടുള്ള desiccated coconut-ന് 12.5 ശതമാനം നികുതിയാണ് സംസ്ഥാനത്ത് ഈടാക്കുന്നത്. സാധാരണ കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും നാളികേരത്തിനും വാറ്റ് നിയമത്തിൽ നൽകിയിട്ടുള്ള ഇളവ് യാതൊരു വ്യത്യാസവുമില്ലാത്ത desiccated coconut-നും ലഭ്യമാക്കണം. നാളികേര കൃഷിക്കാർ ഒട്ടനവധി വൈഷമ്യങ്ങൾ നേരിടുന്ന കാലഘട്ടത്തിൽ കൊപ്രയ്ക്ക് കിട്ടുന്ന ആനുകൂല്യമെങ്കിലും desiccated coconut-ന് നൽകാൻ നടപടി സ്വീകരിക്കണം. ഒരേ മെറ്റീരിയൽ ഉപയോഗിച്ച് നിർമ്മിക്കുന്ന ക്ലിനിക്കൽ ഗ്ലൗസിന്റേയും ഇൻഡസ്ട്രിയൽ ഗ്ലൗസിന്റേയും നികുതി നിരക്കിൽ തുടരുന്ന വ്യത്യസ്ത നയം മാറ്റാനും ഇൻഡസ്ട്രിയൽ ഗ്ലൗസിന് 4 ശതമാനം നികുതി ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം. കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ ആക്ട് അനുസരിച്ച് ഡിസ്പ്യൂട്ടഡ് ടാക്സിന് അപ്പലേറ്റ് അതോറിറ്റികളിൽ സ്റ്റാറ്റ്യൂട്ടറി ഫീസ് കൂടാതെ കോർട്ട് ഫീസായി 0.5 ശതമാനം അടയ്ക്കുന്നുണ്ട്. ഫുൾ റിലീഫ് കിട്ടുന്ന അപ്പീലുകളുടെ കാര്യത്തിലെങ്കിലും സ്റ്റാംപ് ഫീ റീഫണ്ട് ചെയ്യാനുള്ള നിർദ്ദേശമുണ്ടാകണം. അപ്പീലിന്റെ ഓരോ ഘട്ടത്തിലും കോർട്ട് ഫീയായി അടയ്ക്കുന്ന സ്റ്റാംപ് ഡ്യൂട്ടി സമ്പ്രദായത്തിൽ മാറ്റമുണ്ടാകണം. രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലത്തെ നികുതി കൊടുക്കേണ്ടി വരുമ്പോൾ ടാക്സ് അടച്ച കാലത്തെ ഇൻപുട്ട് ടാക്സിന്റെ ബെനിഫിറ്റ് ലഭിക്കാത്ത സാഹചര്യമുണ്ട്. ഒരിക്കൽ

രജിസ്ട്രേഷൻ എടുത്തു കഴിഞ്ഞാൽ ഡീ-ഫാക്റ്റോ ഡീലർ എന്ന നിലയിൽ അയാൾക്ക് ഇൻപുട്ട് ടാക്സിനുള്ള ആനുകൂല്യങ്ങൾ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഒരിക്കൽ ഒഫൻസ് കണ്ടുപിടിച്ചു കഴിഞ്ഞാൽ ആ കാലയളവിലെ ടാക്സും കോമ്പൗണ്ട് ഫീയും ഉൾപ്പെടെ റീ-അസസ്സ് ചെയ്താൽ ഡബിൾ ടാക്സേഷന്റെ ഫലം ആകും. മാത്രമല്ല സെക്ഷൻ 24, 25-ന് വിധേയമായി വീണ്ടും അത് നിർവചിക്കപ്പെടുമ്പോൾ ഉദ്യോഗസ്ഥതല ത്തിൽ അഴിമതിക്കുള്ള സാധ്യതകളും ഉണ്ടാകും. കെ.എസ്.ടി.എ. ആക്ടി നകത്ത് 17(ഡി) കൊണ്ടുവന്നതുപോലെ ഫാസ്റ്റ് ട്രാക്ക് പോലുള്ള സംവിധാനത്തിലൂടെ വ്യക്തമായ നോംസ് കൊണ്ടുവന്നാൽ ആ കാലയള വിലെ മാത്രം ടാക്സ് റീ-അസസ്സ് ചെയ്യാൻ കഴിയും. നികുതി വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനയ്ക്കായി സീസ് ചെയ്യുന്ന റിക്കോർഡുകൾ സൂക്ഷിക്കാനുള്ള കാലാവധി 60 ദിവസം എന്നുള്ളത് 180 ആയിട്ടും 90 എന്നത് 1 വർഷം ആയിട്ടും ദീർഘിപ്പിക്കണം. സീസ് ചെയ്യുന്ന റിക്കോർഡുകൾ ആവശ്യം കഴിഞ്ഞാൽ തിരിച്ചുനൽകുന്നതിനോ അല്ലെങ്കിൽ സർട്ടിഫൈഡ് കോപ്പിയെങ്കിലും നൽകാനുള്ള സംവിധാനമോ ഉണ്ടാക്കണം. റൈറ്റ് ടു ഇൻഫർമേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ടെങ്കിലും വ്യാപാരികൾ പരാതി നൽകിയാൽ ടാക്സസ് ഡിപ്പാർട്ട്മെന്റിൽനിന്നും അതിന് യഥാസമയം മറുപടിയോ അക്ക്നോളഡ്ജ്മെന്റോപോലും ലഭിക്കാത്ത സാഹചര്യത്തിന് മാറ്റമുണ്ടാകണം. സിഗരറ്റിന്റെ ടാക്സ് 20 ശതമാനമായി വർദ്ധിപ്പിച്ചാൽ അത് ടാക്സ് ഇവേഷന് വഴി വയ്ക്കുകയും വരുമാനം കുറയുകയും ചെയ്യും. ബിൽ മുഖേന നടപ്പിലാക്കാൻ ശ്രമിക്കുന്ന നികുതി ഘടന കേരള ത്തിന്റെ ഉത്തമതാല്പര്യങ്ങൾക്ക് യോജിച്ചതല്ല. ഇതിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം

ശ്രീ. ആര്യാടൻ മുഹമ്മദ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്ന തിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.കെ.പി. പത്മനാഭൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ധനകാര്യബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നികുതി വെട്ടിപ്പുനടത്തുന്നത് കണ്ടുപിടിക്കപ്പെട്ടാൽ ചുമത്തുന്ന പിഴ 4 ലക്ഷം രൂപയായി ഉയർത്തിയത് സ്വാഗതാർഹമാണ്. സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് ഫലപ്രദമായി തടയണം. 10 സെന്റ് വയൽ നികത്തിയവരെ പിഴയിൽനിന്നും ഒഴിവാക്കുന്നതിന് പ്രത്യേക തീരുമാനം എടുക്കണം. വില്പന നികുതി കുടിശ്ശിക പിരിക്കുന്നതിൽ ഗവൺമെന്റ് കാര്യക്ഷമമായി പ്രവർത്തിച്ചതിന്റെ ഫലമായി മൂന്നുലക്ഷത്തോളം കേസ്സുകളിൽ തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അപ്പീലിന് പോയിട്ടുള്ള കേസ്സുകളിൽ എത്രയുംവേഗം തീർപ്പാക്കാനുള്ള സംവിധാനമുണ്ടാകണം. ചൂലും ബ്രഷും ടാക്സിൽനിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിക്കണം. കേരളത്തിൽ ഇറക്കുമതി ചെയ്യുന്ന തേങ്ങാപ്പിണ്ണാക്കിൽനിന്നും വീണ്ടും ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണയ്ക്ക് നികുതി ഈടാക്കണം. ആഡംബര നികുതി നിർബന്ധമായും പിരിക്കുന്നതിന് നടപടി സ്വീകരിക്കണം. റെയിൽവേയുടെ എ.സി. റിട്ടയർമെന്റ് റൂമുകൾക്ക് ആഡംബര നികുതി ഏർപ്പെടുത്തണം. അന്യസംസ്ഥാനങ്ങളിൽനിന്നും സ്വന്തം ആവശ്യത്തിനെന്ന പേരിൽ സാധനങ്ങൾ വാങ്ങുന്നതിലൂടെയുണ്ടാകുന്ന വെട്ടിപ്പ് തടയാൻ നടപടി സ്വീകരിക്കണം. ഏലത്തെ മൂല്യവർദ്ധിത നികുതിയിൽനിന്നും ഒഴിവാക്കണം. കൊറിയർ സർവ്വീസിലൂടെ സംസ്ഥാനത്ത് എത്തുന്ന ഇലക്ട്രോണിക്സ്

ഉൽപ്പന്നങ്ങളുടെമേൽ നികുതി ചുമത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. പ്ളാന്റേഷൻ ടാക്സിന്റെ നികുതി ഘടനയിൽ മാറ്റം വരുത്തണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ : തോമസ് ഐസക്) : സൺറൈസ് കേസ്സിന്റേയും യു.പി. കേസ്സിന്റേയും വിധിയുടെ അടിസ്ഥാനത്തിൽ ടാക്സബിൾ ഗുഡ്സ് അല്ലാത്തതുകൊണ്ട് യു.പി. ലോട്ടറിയിൽനിന്ന് നികുതി പിരിക്കാൻ സാധിക്കുകയില്ല. സ്വർണ്ണത്തിന്റെ നികുതി കോമ്പൗണ്ട് ചെയ്തപ്പോൾ 1 ശതമാനമേയുള്ളൂ. സിഗററ്റിന്റെ മേലുള്ള നികുതി പിൻവലിക്കാനുള്ള ഒഫിഷ്യൽ അമെന്റ്മെന്റ് കൊണ്ടുവരാനുദ്ദേശിക്കുകയാണ്. ചെറുകിട യൂണിറ്റുകളുടെ ഇൻഡസ്ട്രിയൽ ഗ്ളൗസ്, ഫിംഗർ ക്യാപ്സ് എന്നിവയുടെ ടാക്സ് കുറയ്ക്കാവുന്നതാണ്. ബിസ്ക്കറ്റിന്റെ നികുതി നാലു ശതമാനമാക്കാനും ആംനെസ്റ്റി സ്കീമിൽ അപ്പെക്സ് കോ-ഓപ്പറേറ്റീവ് ബാങ്കുകളെ ഉൾപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. 5 കോടി രൂപ വരെ വിൽപ്പനയുള്ള ഹാൻഡ്മെയ്ഡ് സോപ്പിന് നികുതിയിളവ് കൊടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. നികുതി ചോർച്ച തടയാനുള്ള പരിശ്രമം നടത്തുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ കേരള ധനകാര്യബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

ശ്രീ. എ.പി. അനിൽകുമാർ: 99-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 100, 102, 107, 109, 113, 114, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 101, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: 104, 129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 108-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

ശ്രീ. കെ. ബാബു: 115, 130 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 119-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: 122-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച In section 3B (2) of the Kerala Surcharge on Tax Act, 1957 proposed to be inserted by Clause 2 the words "30th June 2009" shall be replaced with the words "30th september 2009" എന്ന 107-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ ശക്തൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതിയിൽ താഴെപ്പറയുന്ന ഭേദഗതികളോടെയും സ്വീകരിക്കുന്നു. In section 3B (5) of the Kerala Surcharge on Taxes Act, 1957, proposed to be inserted by clause 2, for the words "notice to the assessee", the words "the assessee, an opportunity of being heard" shall be substituted.

മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച ഭേദഗതി ചെയ്തപ്രകാരമുള്ള 122-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു. മറ്റു ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 131 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: 132-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിച്ചു

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(269) In section 23 BA(2), of the Kerala General Sales Tax Act, 1963 proposed to be inserted by sub-clause (4) of clause 4 for the words and figures “30th June, 2009,” the words and figures “30th September, 2009” shall be substituted.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 138, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 140-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 141, 153, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 143-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 144-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 145, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 149, 161 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 150 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: 152-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ശ്രീ. എൻ. ശക്തൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മാറ്റങ്ങളോടെ സ്വീകരിക്കുന്നു. In section 23 BA (5) of The Kerala General Sales Tax Act, 1963 proposed to be inserted by Clause 4 (4), for the words “notice to the assessee”, the words “the assessee, an opportunity of being heard” shall be substituted. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ഔദ്യോഗിക ഭേദഗതിയും ഭേദഗതി ചെയ്ത പ്രകാരമുള്ള 152-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 167, 187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 168-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 169, 179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 170, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: 171, 183 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 173, 184 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 174, 185 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: 175-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: 180-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: 182-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. എ.പി. അനിൽകുമാർ: 188, 216 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 191-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി; 192, 193 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ്: 194, 206 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 201, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 202-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു; 203-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 210 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 212-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: 214-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7- ൧൦ വകുപ്പ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

(270) Clause (a) of sub-section (1) of section 6 of the Kerala Value Added Tax Act, 2003 proposed to be substituted by item (i) of sub-clause (3) of clause 7 shall be omitted and other items shall be renumbered as items (i) and (ii).

(271) In the proviso proposed to be inserted by item (i) as so renumbered, for the words "shall pay" the words "may pay" shall be substituted.

ശ്രീ. എം. എം. വാഹീദ്: 217, 227 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: 218, 234, 257 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 221, 226, 263, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 225, 232, 254, 261, 265 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ശക്തൻ: 229, 245, 259 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: 230, 237, 253, 264 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 241, 252, 258 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 246, 247, 260, 262 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 226-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ശ്രീ. ബി.ബാബു പ്രസാദിന്റെ In the explanation of section 8 (c) (i) of the Kerala Value Added Tax Act, 2003 proposed to be inserted by Clause 7 (4) (iii) (a) after the word 'sweets' add the words 'and fresh fruit juice' എന്ന 231-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച In serial No. 38 A, in the First Schedule of the Kerala Value Added Tax Act, 2003 proposed to be inserted by the Clause 7 (27) (a) (iv) for the words "products of screw pine" substitute the words "Screw pine and products of screw pine" എന്ന 264-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച In item 19 of serial No. 83 of the Third Schedule of the Kerala Value Added Tax Act, 2003 proposed to be substituted by Clause 7 (27) (c) (ix), after the words "book binding", the words "spiral binding, comp bunding" shall be added എന്ന 266-ാം നമ്പർ ഭേദഗതി "comp binding" എന്ന വാക്കുകൾക്കുപകരം "comb binding" എന്ന ഭേദഗതിയോടെ സ്വീകരി

ക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

231-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. എ.പി. അനിൽകുമാർ അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതിയും ഭേദഗതി ചെയ്ത പ്രകാരമുള്ള 266 -ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

(267) In sub-section (2) of Section 1,-
In Clause (a) for the words, letters, figures and brackets, “sub-clauses(i), (iv), (viii), (x) of clause (c) and sub-clause (ii) of clause (d) of sub-section (27) of section 7”, the words, letters, figures and brackets “sub-clauses (i), (iii), (vii), (ix) of clause (c) and sub-clause (ii) of clause (d) of sub-section (27) of section 7” shall be substituted.

(268) In Clause (b) for the words, letters, figures and brackets "sub-clause (vi) of clause (c)" the words, letters, figures and brackets "subclause (v) of clause (c)" shall be substituted.

Clause (e) shall be omitted And Clause (f) shall be re numbered as clause (e)

ഔദ്യോഗികഭേദഗതികൾ അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2009-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം 23-നെതിരെ 80 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 6.26-ന് പിരിഞ്ഞു.